# വിവാഹത്തിന്

# ഒരുക്കം



/265.5
AN

ഫാ. മണലിൽ

DHARMARAM COLLEGE
LIBRARY
BANGALORE-29

# വിവാഹത്തിനൊരുക്കം

ACHARYA PALACKAL JEEVASS KENDRAM
LIBRARY

ഒന്നാം പതിപ്പ് കോപ്പി 2000
1-11-1956

രണ്ടാം പതിപ്പ് കോപ്പി 2000
1-11-1957

പകർപ്പവകാശം
സെൻറ് തോമസ് പ്രസ്സിനു്

# വിവാഹത്തിനൊരുക്കം

ഫാ. ദേവസ്യാ മണലിൽ

15984

പ്രസാധകർ
സെൻറ് തോമസ് പ്രസ്സ്, പാലാ

വില 37 ന. പൈ.

M/2655
MAN

*Imprimatur*

✠ **Mathew Kavukattu**
Bp. of Changanacherry

*Changanacherry*
*1—8—'56.*

*Re-imprimatur*

✠ **Sebastian Vayalil**
Bp. of Palai.

*Bishop's House*
*Palai*
*29—10—'57*

---

Prited at St. Thomas Press Palai.

ACHARYA PALAC AL JEEV SS KENDRAM

# പ്രസ്താവന

റവ. ഫാ. സെബാസ്റ്റ്യൻ മണലിൽ വിരചിച്ച "വിവാഹത്തിനൊരുക്കം" എന്ന ചെറുഗ്രന്ഥം ഞങ്ങൾ പ്രസിദ്ധം ചെയ്തിട്ട് ഏതാണ്ട് ഒരു കൊല്ലമായതേയുള്ളു. ഇപ്പോൾ രണ്ടാം പതിപ്പ് പ്രസിദ്ധം ചെയ്യുന്നതിനു് ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണു്. മലയാളഭാഷയിൽ പ്രസിദ്ധം ചെയ്യുന്ന പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കൊല്ലത്തിനിടയിൽതന്നെ രണ്ടാംപതിപ്പ് ആവശ്യപ്പെടുക എന്നതു് അത്ര സാധാരണ സംഭവമല്ല. എന്നാൽ പൊതുജനങ്ങൾക്കുപകാരപ്രദമായ പ്രസിദ്ധീകരണങ്ങൾ എന്നും എവിടേയും സ്വീകൃതങ്ങളാണെന്നു് ഈ ചെറുപുസ്തകം തെളിയിച്ചുകഴിഞ്ഞു.

പ്രസിദ്ധീകരണങ്ങളുടെ ഒരു കാലത്താണു് നാം ജീവിക്കുന്നതു്. ഓരോ ജനവിഭാഗവും ഓരോ ലക്ഷ്യത്തെ മുൻനിറുത്തി പുസ്തകങ്ങൾ പ്രചരിപ്പിക്കാറുണ്ടു്. മനുഷ്യമനസ്സിൽനിന്നു് ദൈവവിശ്വാസവും മതബോധവും മായിച്ചുകളയുന്നതിനു് പര്യാപ്തവും മനുഷ്യന്റെ അധമവികാരങ്ങളെ കീഴ്മേൽമറിച്ചു് അവനെ വെറും മൃഗത്തിന്റെ നിലയിലേയ്ക്കു് അധഃപതിപ്പിക്കുന്നതുമായ ധാരാളം വഴിപിഴച്ച പ്രസിദ്ധീകരണങ്ങൾ ഇന്നു് ജനതാമദ്ധ്യത്തിൽ പ്രചരിക്കുന്നുണ്ടു്. ഈ വക ക്ഷുദ്രഗ്രന്ഥങ്ങൾ മനുഷ്യസമുദായത്തോടുചെയ്യുന്ന ദ്രോഹം വലുതുതന്നെ. ഈദൃശങ്ങളായ അശ്ലീല ഗ്രന്ഥങ്ങൾ ഉളവാക്കുന്ന അനർത്ഥങ്ങൾ നല്ല പ്രസിദ്ധീകരണ

ങ്ങൾകൊണ്ടു മാത്രമേ തടയുവാൻ കഴിയൂ. ഞങ്ങളുടെ എളിയ കഴിവുകൾ ആ വഴിക്ക് ഞങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്.

വിവാഹമെന്ന പരിപാവനമായ കൂദാശ സ്വീകരിച്ച് കുടുംബജീവിതത്തിൽ പ്രവേശിക്കേണ്ട യുവജനങ്ങൾക്ക് വളരെ ഉപകാരപ്രദമായ ഒരു പ്രസിദ്ധീകരണമാണ് ഈ ചെറുപ്രസ്തകം. ജീവിതാവസ്ഥയുടെ തിരഞ്ഞെടുപ്പ്, വിവാഹമെന്ന കൂദാശയുടെ വിശദീകരണം, വിവാഹത്തെക്കുറിച്ചുള്ള വേദപുസ്തകവാക്യങ്ങൾ, വിവാഹത്തിനുള്ള ഒരുക്കം, വിവാഹക്രമം തുടങ്ങിയ അതിപ്രധാനങ്ങളായ വിവിഷയത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന ഈ പുസ്തകം ഏററം കാലോചിതമായ ഒരു പ്രസിദ്ധീകരണമാണെന്ന് പല ആത്മപാലകന്മാരും ഇതിനകം അഭിപ്രായം പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്.

വളരെയധികം സദ്ഗ്രന്ഥങ്ങൾ ഇതിനകം കൈരളിക്ക് സംഭാവന ചെയ്തിട്ടുള്ള ഈ പുസ്തകത്തിൻെറ ഗ്രന്ഥകർത്താവിനെ ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ പുസ്തകത്തിൻെറ ഒന്നാം പതിപ്പിനു് ഹൃദ്യമായ സ്വാഗതമരുളിയ യുവജനങ്ങൾക്കായി രണ്ടാം പതിപ്പും ഞങ്ങൾ പ്രസിദ്ധം ചെയ്തുകൊള്ളുന്നു.

പ്രസാധകർ

# അഭിപ്രായം

റവ. ഫാ. മണലിൽ എഴുതിയിട്ടുള്ളതും പാലാ സെൻറ് തോമസ് പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ ഈ ചെറുഗ്രന്ഥം അതിൻെറ വലിപ്പത്തിൻെറ വളരെ ഇരട്ടി ഫലം ചെയ്യുന്നതാണെന്ന് പറയുവാൻ എനിക്ക് സന്തോഷമുണ്ട്. വിവാഹത്തിന് ഒരുക്കം ആവശ്യമാണോ എന്നുപോലും ചോദിക്കത്തക്കവിധം അത്ര സർവ്വസാധാരണമായി തീർന്നിട്ടുണ്ട് ഇന്ന് വിവാഹം. എന്നാൽ പരിഷ്ക്കാരവും സംസ്ക്കാരവും എല്ലാം പുരോഗമിച്ച്, ഏതാണ്ട് അത്യുച്ചകോടിയിൽ എത്തിയിട്ടുണ്ടെന്ന് അഹങ്കരിക്കുന്ന ഈ കാലസന്ധിയിൽ, സാമൂഹ്യസുസ്ഥിതിക്ക് അവശ്യാവശ്യമായ വിവാഹത്തിൻെറ സ്വഭാവവും, പദവിയും, ചുമതലകളും, പലയിടങ്ങളിലും വിവാദവിഷയമായിത്തീർന്നിരിക്കുകയാണ്. വിവാഹം പാവനമായ ഒരു ക്രൂദാശയാണെന്ന് വിശ്വസിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന പലരും അവരുടെ ഉത്തരവാദിത്വവും അവകാശങ്ങളും ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് എനിക്ക് സംശയം തോന്നിയിട്ടുള്ള അവസരങ്ങളും കുറവല്ല. ഈ ചുറ്റുപാടുകളിൽ റവ. ഫാ. മണലിയുടെ "വിവാഹത്തിനൊരുക്കം" വളരെ സന്ദർഭോചിതമായ ഒരു പ്രസിദ്ധീകരണമാണ്.

പ്രായവും പാകതയും വന്ന മാതാപിതാക്കന്മാരുടെ ഉപദേശത്തെ ന്യായമായ ഒരു പരിധിവരെ സ്വീകരിച്ചും, പ്രാർത്ഥനയുടെ അരൂപിയാൽ എല്ലാ കാര്യങ്ങളിലും ദൈവസഹായം തേടിയും യുവതീയുവാക്കന്മാർ അന്തസ്സു തിരഞ്ഞെടുക്കുകയും, ക്രൂദാശകൾ സ്വീകരിക്കുകയും ചെയ്യണം, എന്നു തുടങ്ങി, വിവാഹാന്തസ്സിൽ പ്രവേശിച്ചു കഴിഞ്ഞാലുള്ള കടമകളും അവ യഥായോഗ്യം നിർവ്വഹിക്കാനുള്ള കഴിവു നേടാനുള്ള മാർഗ്ഗങ്ങളും എല്ലാം ആണ് പ്രതിപാദ്യവിഷയം. വളർന്നുവരുന്ന യുവതീയുവാക്കന്മാരോട് മാതാപിതാക്കന്മാർക്കു തുറന്നു പറയാൻ പ്രയാസമുള്ള പല വിഷയങ്ങളും വളരെ ഉചിതമായ ഭാഷയിൽ, തികഞ്ഞ ആർജ്ജവത്തോടും ലാളിത്യത്തോടും കൂടി ഗ്രന്ഥകാരൻ വിസ്തരിച്ചിരിക്കുന്നു. പുതിയതും പഴയതുമായ എല്ലാ കുടുംബങ്ങളിലും ഉണ്ടായിരിക്കേണ്ട ഒരു ലഘുഗ്രന്ഥമാണ് ഇതു്. ഇതിനു പ്രചുരപ്രചാരം ആശംസിച്ചുകൊള്ളുന്നു.

കെ. സി. ചാക്കോ എം. എ.; എം. എസ്സ്.

# മുഖവുര

ഉന്നത ബിരുദം സമ്പാദിച്ചിട്ടുള്ള ഒരു കത്തോലിക്കാസ്നേഹിതൻ തന്റെ വിവാഹത്തിനു് എന്നെ ക്ഷണിക്കുന്നതിനായി വരുകയുണ്ടായി. സംഭാഷണമദ്ധ്യേ ഞാൻ ചോദിച്ചു "കുഞ്ഞച്ചാ, വിവാഹ ദിവസം വളരെ അടുത്തല്ലോ. വേണ്ടത്ര ഒരുങ്ങിയോ?" "പ്രത്യേകിച്ചൊന്നും ഒരുങ്ങിയില്ലച്ചാ" ആ സ്നേഹിതൻ മറുപടി പറഞ്ഞു. ആദ്ധ്യാത്മികമായ ഒരുക്കത്തെക്കുറിച്ചാണു ഞാൻ ചോദിച്ചതെന്നു് അയാൾക്കു മനസ്സിലായി.

"ആകട്ടെ, വിവാഹത്തെക്കുറിച്ചുള്ള കത്തോലിക്കാ ഗ്രന്ഥങ്ങൾ വല്ലതും വായിച്ചോ?" ഞാൻ വീണ്ടും ചോദിച്ചു: "അതിനൊന്നും തരപ്പെട്ടില്ല." അതായിരുന്നു മറുപടി.

കാര്യമായ യാതൊരു ഒരുക്കവും നടത്തുവാൻ "തരപ്പെടാതെ" വിവാഹം എന്ന "വലിയകൂദാശ" സ്വീകരിക്കുവാൻ സന്നദ്ധനായ ആ സ്നേഹിതനെ അനുകരിക്കുന്ന ക്രൈസ്തവ യുവജനങ്ങൾ ധാരാളമുണ്ടെന്നുള്ളതു് പരിതാപകരമായ ഒരു പരമാർത്ഥമാണു്. ഈ ദുഃസ്ഥിതി പരിഹരിക്കപ്പെടേണ്ടതാണു്; സംശയമില്ല.

അതിനുപകരിക്കണമെന്നുള്ള ചിന്തയോടെയാണു് ഈ ലഘുഗ്രന്ഥം തയ്യാറാക്കപ്പെട്ടിട്ടുള്ളതു്.

ഇതിൻെറ രചനയ്ക്ക് ആമശ്ബാലൻ, മക്കളുടെ ഭാവിജീവിതം, വിവാഹം നിയമവിധേയമോ? വിവാഹവും വിവാഹിതരും, ഭക്തമാർഗ്ഗപ്രവേശിക തുടങ്ങിയ ഗ്രന്ഥങ്ങൾ സഹായകങ്ങളായിട്ടുണ്ടെന്നു കൃതജ്ഞതാപൂർവ്വം ഇവിടെ അനുസ്മരിച്ചുകൊള്ളുന്നു.

വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നതിനു വേണ്ടവിധം ഒരുങ്ങുവാൻ ഒരാൾക്കെങ്കിലും ഈ ലഘുഗ്രന്ഥം പ്രചോദനവും മാർഗ്ഗനിർദ്ദേശവും നല്കുമെങ്കിൽ എൻെറ ശ്രമം സഫലമായി.

ആനക്കല്ല്,
5—8—'56.

ഫാ. ദേവസ്യാ മണലിൽ

## അദ്ധ്യായം ഒന്നു്

### ജീവിതാവസ്ഥയുടെ തെരഞ്ഞെടുപ്പു്

### 1. പ്രാരംഭം

ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് സ്വൎഗ്ഗത്തിൽ അവിടത്തോടുകൂടി നിത്യസൗഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടിയാണു്. തനിക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ഈ സ്വൎഗ്ഗീയസൗഭാഗ്യത്തിനു് അൎഹനായിത്തീരുവാൻ പ്രയത്നിക്കുകയെന്നുള്ളതാണു് ഈലോകത്തിൽവെച്ചു് അവൻ ചെയ്യേണ്ടതു്. അതിനുള്ള മാൎഗ്ഗം ദൈവം നിശ്ചയിച്ചിട്ടുള്ള വിധത്തിൽ ജീവിക്കുകയാണല്ലോ.

ഓരോ മനുഷ്യന്റേയും സൃഷ്ടിയുടെ അവസരത്തിൽ അവൻ എങ്ങനെ ജീവിച്ചാൽ, അഥവാ ഏതു ജീവിതാവസ്ഥ സ്വീകരിച്ചാൽ ഈ കൎത്തവ്യം സുഗമമായി അവനു നിൎവ്വഹിക്കുവാൻ സാധിക്കും എന്നു് ദൈവം തന്റെ അനന്തമായ ബോധജ്ഞാനം

വഴി ഗ്രഹിക്കുന്നു; ആ ജീവിതാവസ്ഥ അവൻ തെരഞ്ഞെടുക്കണമെന്ന് പൈതൃകമായ സ്നേഹത്താൽ അവിടുന്ന് ആഗ്രഹിക്കുന്നു; വിസ്മയാവഹമായ പരിപാലനയാൽ അതിലേക്ക് അവനെ അവിടുന്നു ക്ഷണിക്കുകയുംചെയ്യുന്നു. ദൈവത്തിൻെറ ഈ ക്ഷണമാണ് അവനെ സംബന്ധിച്ചിടത്തോളം അവൻെറ ദൈവവിളി.

ആകയാൽ സ്രഷ്ടാവിനോട്ട് ഉണ്ടായിരിക്കേണ്ട അനുസരണവും സ്വന്തം ആത്മരക്ഷയേപ്പററി ഉണ്ടായിരിക്കേണ്ടശുഷ്കാന്തിയും, ദൈവവിളി ശ്രവിച്ച് അതിനെ അനുധാവനം ചെയ്യുന്നതിന് ഏവരേയും നിർബന്ധിക്കുന്നു. വിശുദ്ധ പൌലോസ് ശ്ലീഹായുടെ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "എന്നാൽ ഓരോരുത്തനും കർത്താവ് അവനു വിഭജിച്ചുകൊടുത്തിരിക്കുന്നതുപോലെയും ഓരോരുത്തനും ദൈവം വിളിച്ചിരിക്കുന്നതുപോലെയും നടക്കട്ടെ........... ....ഓരോരുത്തനും വിളിക്കപ്പെട്ട വിളിയിൽത്തന്നെ നിലനില്ക്കട്ടെ."

ദൈവം നിർദ്ദേശിച്ചിട്ടുള്ള ജീവിതാവസ്ഥ സ്വീകരിക്കുന്ന കാര്യത്തിൽ അശ്രദ്ധ പ്രദർശിപ്പിക്കുന്നവർ നിശ്ചയമായും വളരെ ഗുരുതരമായ ഒരു കൃത്യവിലോപമാണ് ചെയ്യുന്നത്. തങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ജീവിതാന്തസ്സിൽ സ്വന്തകാറാംകൊണ്ട് പ്രവേശിക്കുന്നവരുടെ നിത്യരക്ഷ

തന്നെ അപകടത്തിലാക്കുവാൻ വഴിയുണ്ടു്; അവരുടെ ഐഹികജീവിതം പരാജയമടയാനാണു് എളുപ്പവും. തങ്ങളുടെ ജീവിതസ്ഥിതിയിൽ അസംതൃപ്തിയും ദുരിതങ്ങളും അനുഭവിക്കുന്ന പലരും ജീവിതാവസ്ഥയുടെ തെരഞ്ഞെടുപ്പിൽ തെററുപററിയിട്ടുള്ളവരാണെന്നു് പറയാമെന്നു തോന്നുന്നു.

ഈ വിഷയത്തെപ്പററി പ്രതിപാദിക്കുകയിൽ വി. സിപ്രിയൻ പറയുന്നു. "ദൈവം തിരുമനസ്സാകാത്ത ജീവിതാവസ്ഥയിൽ ഇരിക്കുന്നവനു് ആത്മരക്ഷ കിട്ടുന്നകാര്യം അസാദ്ധ്യം എന്നു് പറഞ്ഞുകൂടെങ്കിലും അത്യന്തം പ്രയാസമുള്ള കാര്യമാണെന്നു് തീച്ചതന്നെ." വേദശാസ്ത്രപണ്ഡിതനായ വി. അൽഫോൻസു് ലിഗോരി പറയുന്നു, "നമ്മുടെ നിത്യരക്ഷ അപകടരഹിതമായിരിക്കണമെന്നു് ആഗ്രഹിക്കുന്നപക്ഷം ദൈവം നമ്മെ വിളിക്കുന്ന ജീവിതാവസ്ഥയിൽത്തന്നെ പ്രവേശിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ ആ അന്തസ്സിലാണു് രക്ഷയ്ക്കു് ആവശ്യകവും ഫലപ്രദവുമായ അനുഗ്രഹസഹായങ്ങൾ നമുക്കു നല്കുവാൻ ദൈവംനിശ്ചയിച്ചിരിക്കുന്നതു്."

തന്മൂലം ഐഹികജീവിതം വിജയപ്രദമാക്കുവാനും പാരത്രികജീവിതം സൗഭാഗ്യപൂർണ്ണമാക്കുവാനും അഭിലഷിക്കുന്നവർ അഗാധമായി ചിന്തിക്കേണ്ടതും ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുമായ ഒന്നാണു് ജീവിതാവസ്ഥയുടെ തെരഞ്ഞെടുപ്പു് എന്നു് സിദ്ധിക്കുന്നു.

## 2. വിവിധ ജീവിതാവസ്ഥകൾ:-

ജീവിതാവസ്ഥകൾ പ്രധാനമായി മൂന്നാണു്.

a. വൈദികജീവിതം.

b. സന്യാസജീവിതം.

c. വിവാഹ ജീവിതം.

### a വൈദിക ജീവിതം

"മനുഷ്യരിൽ നിന്നും എടുക്കപ്പെട്ടിട്ടുള്ളവരും അവർക്കുവേണ്ടി അഭിഷേകം ചെയ്യപ്പെട്ടിട്ടുള്ളവരും ദൈവത്തിന്റെ കാര്യങ്ങളിൽ ഏല്പ്പെട്ടിരിക്കുന്നവരും ഇതരന്മാർക്കെന്നപോലെ തങ്ങൾക്കുവേണ്ടിയും ദൈവസമക്ഷം ബലിസമർപ്പിക്കുന്നവരുമാണു്" വൈദികർ. ദൈവത്തിന്റേയും മനുഷ്യരുടേയും മദ്ധ്യേനിന്നുകൊണ്ടു് മനുഷ്യസമുദായത്തിന്റെ നാമത്തിൽ ദൈവത്തിനു പരസ്യമായി പ്രാർത്ഥനകളും ബലികളും അർപ്പിക്കുക എന്ന ജോലിക്കു് സ്വയം പ്രതിഷ്ഠിച്ചിരിക്കുന്ന ആത്മാക്കളാണു് വൈദികർ.

ജനങ്ങളെ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ചുമതലകൾകൂടി വൈദികർക്കുണ്ടു്. ഒററവാക്കിൽപറഞ്ഞാൽ മിശിഹായുടെ രക്ഷണീയമായ പരിത്രാണനകർമ്മം തുടർന്നു് അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു് അവർ ചെയ്യുന്നതു്.

ജീവിതാവസ്ഥയുടെ മഹാത്മ്യം പരിഗണിച്ചാൽ പൗരോഹിത്യം മററു രണ്ടിനേയുംകാൾ ഉന്നതവും ഉൽകൃഷ്ടവുമാണു്. *

## b സന്ന്യാസജീവിതം

"നീ പരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിററു സാധുക്കൾക്കു കൊടുത്തതിനുശേഷം എന്നെ അനുഗമിക്കുക" എന്ന ദിവ്യാഹ്വാനം ശ്രവിച്ചു് ലൗകികമായ സകലതും, ഉപേക്ഷിച്ചിട്ടു് ദാരിദ്ര്യം, കന്യാത്വം അനുസരണം എന്നീ മൂന്നു വ്രതങ്ങളാൽ മിശിഹായുടെ കുരിശിനോടു് തങ്ങളെത്തന്നെ ചേർത്തു് ബന്ധിച്ചുകൊണ്ടു് ജീവിക്കുന്നവരാണു് സന്ന്യാസികൾ. അങ്ങനെ തങ്ങൾക്കു തന്നെയും ലോകത്തിനും മരിച്ചവരായി ദൈവത്തോടുകൂടിയും ദൈവത്തിലും അവർ ജീവിക്കുന്നു.

ഒരുവൻെറ നിത്യരക്ഷപ്രാപ്തിയെ ആസ്പദമാക്കി പറയുകയാണെങ്കിൽ സന്ന്യാസമാണു് ജീവിതാവസ്ഥകളിൽ ശ്രേഷ്ഠം. കാരണം സ്വന്തം പുണ്യപൂർണ്ണതയ്ക്കായി അവിശ്രമം പരിശ്രമിക്കയെന്നതാണു് സന്ന്യാസികളുടെ ചുമതല. ഈ ചുമതലയുടെ നിർവ്വഹണത്തിനു് പര്യാപ്തമായ സാഹചര്യങ്ങളും

---

* ഈ വിഷയത്തെപ്പററി കൂടുതൽ അറിവു ലഭിക്കുന്നതിനു് ആഗ്രഹിക്കുന്നവർ ക്രിസ്തീയ പൗരോഹിത്യം, നിത്യപുരോഹിതൻ തുടങ്ങിയ ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണു്.

ഉപാധികളും അവക്കു ധാരാളം ഉണ്ടുതാനും. "സന്യാസത്തിൽ ഒരാൾ കൂടുതൽ പരിശുദ്ധമായി ജീവിക്കുന്നു; വിരളമായി മാത്രം പാപത്തിൽ വീഴുന്നു; വീണാൽ തന്നെയും വളരെവേഗത്തിൽ എഴുന്നേല്ക്കുന്നു; കൂടുതൽ സൂക്ഷ്മതയോടെ പുണ്യവഴിയിൽ പുരോഗമിക്കുന്നു; കൂടുതൽ പ്രശാന്തനായി ആശ്വാസമനുഭവിക്കുന്നു; കൂടുതൽ സൗഭാഗ്യവാനായി മരിക്കുന്നു; നിത്യതത്തിലേക്കു കൂടുതൽ സമൃദ്ധമായ യോഗ്യതകൾ സമ്പാദിക്കുകയും ചെയ്യുന്നു."

(വി. ബെർണ്ണാദ്)

## c വിവാഹജീവിതം

സൃഷ്ടികർമ്മത്തിൽ ദൈവത്തോടു സഹകരിക്കുന്നതിനുവേണ്ടി ലോകസൃഷ്ടിയുടെ ആരംഭദിവസങ്ങളിൽത്തന്നെ ദൈവം സ്ഥാപിച്ചതും, അനന്തരകാലത്തു് ക്രിസ്തുനാഥൻ ഒരു കൂദാശയായി ഉയർത്തിയിട്ടുള്ളതുമായ ഒരുമഹനീയ പ്രസ്ഥാനമാണു് വിവാഹം. മററു രണ്ടു ജീവിതാവസ്ഥകളോളം ശ്രേഷ്ഠമല്ല, ഇതെങ്കിലും ബഹുഭൂരിപക്ഷം ആളുകളും വിവാഹജീവിതത്തിനാണു് ക്ഷണിക്കപ്പെട്ടിരിക്കുന്നതു്. നിത്യരക്ഷ പ്രാപിക്കുന്നതിനും, പുണ്യപൂർണ്ണത സമ്പാദിക്കുന്നതിനും വിവാഹജീവിതവും പര്യപ്തമാണെന്നുള്ളതിനു തക്കമില്ല. *

---

* വിവാഹത്തെപ്പററി കൂടുതൽ വിവരങ്ങൾക്കു അടുത്ത അദ്ധ്യായം കാണുക.

സാമാന്യമായി പറഞ്ഞാൽ ഈ മൂന്നു ജീവിതാവസ്ഥകളിൽ ഏതെങ്കിലും ഒന്നു് ഓരോരുത്തരും സ്വീകരിക്കേണ്ടതാണു് അങ്ങനെ ചെയ്യാതെയിരിക്കുന്നതു് അഭിലഷണീയമല്ലെന്നു മാത്രമല്ല പലപ്പോഴും അപകടകരവുമാണു്.

## 3. ജീവിതാന്തസ്സു കണ്ടുപിടിക്കുന്നതിനു് ചെയ്യേണ്ടതു്.

അത്ഭുതകരമായ രീതിയിൽ ഒരോ ജീവിതാവസ്ഥയിലേക്കു് ദൈവം ചിലരെ ക്ഷണിച്ചേക്കാം. പഴയനിയമകാലത്തു് പ്രവാചകന്മാരേയും മറ്റും ദൈവം നേരിട്ടുവിളിച്ചു. പുതിയനിയമത്തിൽ ശ്ലീഹാന്മാരെ കർത്താവുതന്നെ തെരഞ്ഞെടുത്തു. അതിനുശേഷവും ചിലർക്കു പ്രത്യേക വെളിപാടുനല്കിക്കൊണ്ടും മറ്റുചിലർക്കു വിശേഷാൽ പ്രേരണകൊടുത്തുകൊണ്ടും ദൈവം ക്ഷണിച്ചിട്ടുണ്ടു്. എന്നാൽ ഇത്തരം അസാധാരണമായ ക്ഷണം എല്ലാവർക്കും ലഭിച്ചെന്നുവരികയില്ല. സാധാരണഗതിയിൽ ആരും ഇതു് പ്രതീക്ഷിക്കേണ്ടതുമില്ല. ദൈവാനുഗ്രഹത്തോടു സഹകരിച്ചുകൊണ്ടു് താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽക്കൂടി ഓരോരുത്തരും തങ്ങളുടെ ദൈവവിളി എന്തെന്നു് കണ്ടുപിടിക്കേണ്ടതാണു്.

### a പ്രാർത്ഥന

ഏതൊരു നല്ലകാര്യം ചെയ്യുന്നതിനും ദൈവാനുഗ്രഹം വേണമല്ലോ. ജീവിതാവസ്ഥയുടെ തെര

ഞ്ഞെടുപ്പിൽ ദൈവാനുഗ്രഹം കൂടുതൽ ആവശ്യമുണ്ടു്. ദൈവാനുഗ്രഹം ലഭിക്കുന്നതിനുള്ള ഉത്തമമായ ഉപാധി പ്രാർത്ഥനയാണു്. ജീവിതാവസ്ഥയുടെ ശരിയായ തെരഞ്ഞെടുപ്പിനു് ആവശ്യകമായ അനുഗ്രഹങ്ങൾ നല്കണമേ എന്നു് ബാല്യം മുതലേ പ്രാർത്ഥിക്കേണ്ടതാണു്. ആദ്യകുർബ്ബാന കൈക്കൊള്ളുന്ന അവസരം മുതൽ ഇക്കാര്യത്തിനായി അപേക്ഷിക്കുവാൻ കുട്ടികളെ പഠിപ്പിക്കുന്നതു് നല്ലതാണു്. എതെങ്കിലും ജീവിതാവസ്ഥ സ്വീകരിക്കേണ്ട കാലം അടുക്കുംതോറും ഈ നിയോഗത്തിലുള്ള പ്രാർത്ഥന കൂടുതൽ തീക്ഷ്ണമാക്കണം. വി. കുർബ്ബാനവഴിയായി ദിവ്യനാഥൻ നമ്മുടെ ഹൃദയങ്ങളിൽ എഴുന്നെള്ളിവരുമ്പോൾ ഇക്കാര്യം അങ്ങയോടു പ്രത്യേകം ഉണർത്തിക്കണം. പരിശുദ്ധാത്മാവിൻെറ വെളിവും പരിപാലനയും നമ്മുടെ അമ്മയായ പരിശുദ്ധകന്യകയുടെ സഹായവും സംരക്ഷണവും ഗുരുതരമായ ഈ തെരഞ്ഞെടുപ്പിൽ സുലഭമായി ഉണ്ടാകുവാൻ തീവ്രമായി അപേക്ഷിക്കണം. ഒരു ജീവിതാവസ്ഥ അവലംബിക്കുന്നതുവരെ ഈ പ്രാർത്ഥന മുടക്കം കൂടാതെ നടത്തേണ്ടതാണു്.

PALAI JEEVAS ... LIBRARY
പഠനം 12984

വിവിധ ജീവിതാവസ്ഥകളെപ്പററി—അവയുടെ മഹാത്മ്യം, ചുമതലകൾ, ഓരോന്നും സ്വീകരിക്കുന്നവർക്ക് വേണ്ട ഗുണലക്ഷണങ്ങൾ മുതലായവയെപ്പററി—നന്നായി പഠിക്കുകയാണു് പിന്നീടു ചെയ്യേ

ണ്ടതു്. ഈ വിഷയങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്ന കത്തോലിക്കാഗ്രന്ഥങ്ങൾ ശരിയായി വായിച്ചു പഠിച്ചതിനുശേഷം അവയിൽ ഏതു ജീവിതാവസ്ഥയാണു് തനിക്കു കൂടുതൽ പററിയതു്, നിത്യരക്ഷ പ്രാപിക്കാൻ തനിക്കു കൂടുതൽ ഉപകരിക്കുന്നതു് എന്നെല്ലാം ഓരോരുത്തനും ആലോചിച്ചു് കണ്ടുപിടിക്കണം.

## c ആത്മീയപിതാവിൻെറ ഉപദേശം

ആത്മീയപിതാവിൻെറ (കുമ്പസാരക്കാരൻെറ) സഹായം ഈ വിഷയത്തിൽ വളരെ ഉപകാരപ്രദമാണു്. ആത്മസ്ഥിതി പൂർണ്ണമായി അദ്ദേഹത്തിനു വെളിപ്പെടുത്തിയതിനുശേഷം അദ്ദേഹത്തിൻെറ സഹായവും ഉപദേശവും അഭ്യർത്ഥിക്കുക. ആത്മീയ പിതാവിൻെറ നിർദ്ദേശങ്ങളനുസരിച്ചു് ഒരു തീരുമാനത്തിൽ എത്താൻ ശ്രമിക്കുക.

ജീവിതാവസ്ഥ തെരഞ്ഞെടുക്കുന്നകാര്യത്തിൽ യുവജനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ധ്യാനങ്ങൾ (Vocation retreats) നമ്മുടെ നാട്ടിലും ചിലേടത്തെല്ലാം നടത്തിവരുന്നുണ്ടു്. ഇത്തരം ഒരു ധ്യനത്തിലെങ്കിലും സംബന്ധിക്കുന്നതു് യുവജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

ഇങ്ങനെ നിരന്തരമായി പഠനം നടത്തിയും, കുമ്പസാരക്കാരൻെറ നിർദ്ദേശങ്ങൾ സ്വീകരിച്ചും

തീക്ഷ്ണമായ പ്രാർത്ഥനയാൽ ലഭിക്കുന്ന ദിവ്യപ്രകാശം അനുസരിച്ചും വിവേചനാപൂർവ്വം തെരഞ്ഞെടുക്കുന്ന ജീവിതാവസ്ഥ ദൈവനിട്ട്ഷ്ടമായ ജീവിതാന്തസ്സ് ആയിരിക്കുമെന്ന് പൂർണ്ണമായി വിശ്വസിക്കാവുന്നതാണ്.

ജീവിതാവസ്ഥയുടെ സ്വതവേയുള്ള ഔന്നത്യവും ശ്രേഷ്ഠതയുമല്ലാ സ്വീകരിക്കുന്ന ആളിനു പരമാന്ത്യം പ്രാപിക്കുവാൻ കൂടുതൽ ഉപകാരപ്രദമായതു് ഏതാണെന്നുള്ള കര്യമാണ് പരിഗണിക്കേണ്ടതു്. മാതാപിതാക്കന്മാരുടെ താല്പര്യമോ സ്വന്തഇഷ്ടാനിഷ്ടമോ അല്ല മറിച്ച് ദൈവേഷ്ടമാണ് ഇവിടെ കാര്യമായി ഗണിക്കേണ്ടതെന്നുള്ള കാര്യം വിസ്മരിക്കുവാൻ പാടില്ല.

## സ്വഭാവരൂപവൽകരണം

ഏതു ജീവിതാവസ്ഥ സ്വീകരിക്കുന്നവക്കും ജീവിതവിജയവും പരമാന്ത്യവും കൈവരിക്കുന്നതിനു് അത്യാവശ്യമായ ഒന്നാണ് സ്വഭാവരൂപവല്കരണം. ബാല്യകാലം മുതലേ യഥാർത്ഥമായ ക്രൈസ്തവജീവിതം നയിക്കുന്നതിനു് തങ്ങളെത്തന്നെ പ്രാപ്തരാക്കുന്ന സുകൃതങ്ങൾ അഭ്യസിക്കുകയും സുശീലങ്ങൾ സമ്പാദിക്കുകയും ചെയ്തുകൊണ്ടു് ഭാവിജീവിതത്തിന്റെ അടിത്തറ പണിയുവാൻ ഏവരും ഉത്സാഹിക്കണം.

ശരീരത്തിന്റേയും ആത്മാവിന്റേയും നൈർമ്മല്യം അഭംഗമായി പാലിക്കുവാൻ യുവജനങ്ങൾ

പ്രത്യേകം പരിശ്രമിക്കേണ്ടിയിരിക്കുന്നു. കാരണം, ജഡികമായ പ്രലോഭനങ്ങൾ ധാരാളമായും ശക്തിമത്തായും അനുഭവപ്പെടുന്ന ഒരു കാലയളവാണു് യൗവ്വനം. ജഡികാനന്ദങ്ങളിലേക്കു് പ്രകൃത്യാതന്നെ ഒരു ചാച്ചിൽ ഇക്കാലത്തു് അനുഭവപ്പെട്ടുവാൻ തുടങ്ങും. പ്രത്യേകമായ ഒരു ഉദ്ദേശ്യത്തോടെ പ്രകൃതിനാഥൻ മനുഷ്യനു നല്കിയിട്ടുള്ളതാണു് ഈ ചാച്ചിൽ. പ്രകൃതിനാഥന്റെ അഭീഷ്ടമനുസരിച്ചു് ആകർഷണം അഥവാ ചാച്ചിൽ ഉപയോഗപ്രദമാകുവാൻ സമയമാകുന്നതുവരെ അതു വിവേകപൂർവ്വം നിയന്ത്രിക്കപ്പെട്ടുകതന്നെചെയ്യണം. അങ്ങനെ പരിശുദ്ധരും നിർമ്മലരുമായി ജീവിക്കുവാൻ ഓരോ യുവാവും യുവതിയും ശ്രമിക്കണം.

ദുഷ്ടരായ സ്നേഹിതരും, ആഭാസമായ സിനിമായും, അശ്ലീലങ്ങളായ ഗ്രന്ഥങ്ങളും യുവജനങ്ങളെ ഈശ്വരവിശ്വാസത്തിലും മതബോധത്തിലും സന്മാർഗ്ഗ നിഷ്ഠയിലും നിന്നകററി, അവരുടെ സ്വഭാവത്തെ താറുമാറാക്കുന്ന സാഹചര്യങ്ങളാണു്. നിർഭാഗ്യവശാൽ ആധുനികലോകത്തിൽ ഇത്തരം നശീകര സാഹചര്യങ്ങൾക്കു വളരെയധികം പ്രാബല്യമുണ്ടുതാനും. ആകയാൽ, സൽസ്വഭാവികളായിത്തീരണമെന്നഭിലഷിക്കുന്നവർ, ജീവിതവിജയം കൈവരിക്കണമെന്നാഗ്രഹിക്കുന്നവർ, ഈ ദുഷിച്ചസാഹചര്യങ്ങളിൽ നിന്നു് ഓടിയകലേണ്ടിയിരിക്കുന്നു.

അടുക്കലടുക്കൽ കമ്പസാരിച്ചു വി. കുബ്ബാന

സ്വീകരിക്കുക, പ്രലോഭനങ്ങൾ പോലും കുമ്പസാരക്കാരനു വെളിപ്പെടുത്തി അദ്ദേഹത്തിൻെറ ഉപദേശം ആരാഞ്ഞറിഞ്ഞു് തദനുസാരം പ്രവൎത്തിക്കുക അമലോത്ഭവമാതാവിൻെറ സംരക്ഷണവും സഹായവുംതേടുക മുതലായ കാര്യങ്ങളിൽ യുവജനങ്ങൾ ഇക്കാലയളവിൽ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണു്.

## അദ്ധ്യായം രണ്ടു്.

## വിവാഹം

### 1. പ്രാരംഭം.

സ്രഷ്ടാവായ ദൈവം വിവാഹത്തെ സ്ഥാപിച്ചു; രക്ഷകനായ ക്രിസ്തു വിവാഹത്തെ ഒരു കൂദാശയായി ഉയൎത്തി.

### a. ദൈവം വിവാഹത്തെ സ്ഥാപിച്ചു.

മനുഷ്യജാതിയുടെ നിലനില്പിനും വൎദ്ധനവിനുമായി ദൈവം സൃഷ്ടിയുടെ പ്രാരംഭ ദിവസങ്ങളിൽ പറുദീസായിൽവെച്ചു വിവാഹത്തെ സ്ഥാപിച്ചു. ആദിയിൽ മനുഷ്യശരീരത്തെ മണ്ണുകൊണ്ടു് ദൈവം നിൎമ്മിച്ചെങ്കിലും, അതിൻെറ തുടൎന്നുള്ള നിൎമ്മാണത്തിൽ സ്ത്രീപുരുഷന്മാൎക്ക ഭാഗഭാഗിത്വം നല്കുവാൻ അവിടുന്നു തിരുവുള്ളമായി. അതിനു

വേണ്ടിയാണ് അവിടന്ന് വിവാഹത്തെ സ്ഥാപിച്ചത്. ഇങ്ങനെ പറുദീസായിൽവെച്ച് സ്ഥാപിതമായ വിവാഹം ഒരു വെറും ഉടമ്പടി മാത്രമേ ആയിരുന്നുള്ളു. ബാഹ്യമായ ഒരു ഉടമ്പടിയല്ല, പാവനവും സ്വാഭാവികവും ശാശ്വതവുമായ ഒന്നായിരുന്നു അത്.

## b. ക്രിസ്തുനാഥൻ വിവാഹത്തെ ഒരു കൂദാശയായി ഉയർത്തി.

പറുദീസായിൽവെച്ചു സ്ഥാപിതമായ ഈ പ്രസ്ഥാനം പിൽക്കാലങ്ങളിൽ കുറച്ചെല്ലാം അധഃപതിച്ചുപോയി. തന്മൂലം തൻെറ ഐഹികജീവിതത്തിൽ ക്രിസ്തുനാഥൻ അതിനെ ഒരു കൂദാശയായി ഉയർത്തി. അകയാലാണ് വിവാഹം ഒരു "മഹാകൂദാശ" യാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെയാണ് സ്വീകരിക്കുന്നവരുടെ ആത്മാക്കളിൽ പ്രസാദവരം ചൊരിയുന്നതും, ക്രിസ്തുനാഥനാൽ സ്ഥാപിതവുമായ ഏഴു കൂദാശകളിൽ ഒന്നാണ് വിവാഹമെന്ന് ത്രന്തോസുസൂനഹദോസ് പഠിപ്പിക്കുന്നത്. ക്രിസ്തീയവിവാഹത്തെ "മിശിഹാ പുതിയനിയമത്തിലെ ഒരു യഥാർത്ഥ കൂദാശയുടെ നിലയിലേക്കുയർത്തിക്കൊണ്ട്, യാതൊന്നുവഴി അതു സ്വാഭാവികസ്നേഹത്തെ പരിപൂർണ്ണമാക്കുകയും, അഭേദ്യമായ ഈ ബന്ധത്തെ ദൃഢീകരിക്കുകയും സ്ത്രീയേയും പുരുഷനേയും വിശുദ്ധീകരിക്കുകയും ചെയ്യുന്നുവോ ആ ആന്തരീകമായ പ്രത്യേക ദൈവവരത്തിൻെറ അടയാളവും മൂലവും ആക്കിത്തീർത്തു".

## ക്രിസ്തീയ വിവാഹം എന്നാൽ എന്തു്?

"പുരുഷനും സ്ത്രീയും തമ്മിൽ വിശുദ്ധവും വേർപിരിഞ്ഞു കൂടാത്തതുമായ ഒരു ഐക്യത്തെ ഉളവാക്കുകയും പരസ്പരം നിർമ്മലമായി സ്നേഹിക്കുന്നതിനും അവരുടെ മക്കളെ ക്രിസ്ത്യാനികളായി വളർത്തുന്നതിനുംവേണ്ടി അവർക്കു വരപ്രസാദത്തെ നല്കുകയും ചെയ്യുന്നതും ഈശോമിശിഹായാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കൂദാശയാകുന്നു ക്രൈസ്തവ വിവാഹം" അഥവാ സന്താനോൽപാദനത്തിനു സ്വതവേ പര്യാപ്തമായ പ്രവൃത്തികൾക്കായി ശരീരത്തിന്മേലുള്ള അവകാശം, ശാശ്വതവും അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതുമായ വിധത്തിൽ പരസ്പരം കൈമാറുകയും സ്വീകരിക്കുകയുംചെയ്യുന്ന കൂദാശാപരമായ ഒരുടമ്പടിയാണു് ക്രൈസ്തവവിവാഹം.

സ്ത്രീയും പുരുഷനും തമ്മിൽ ചെയ്യുന്ന ഒരു സ്വതന്ത്ര ഉടമ്പടിയാണു് വിവാഹം. ആ ഉടമ്പടി മൂലം ഇരുവരും താന്താങ്ങളെ എന്നന്നേക്കുമായി പരസ്പരം വിട്ടുകൊടുക്കുകയും സ്വീകരിക്കുകയുമാണു് ചെയ്യുന്നതു്. അങ്ങനെ "അവർ ഇപ്പോൾ രണ്ടല്ല, ഒരു ശരീരമാകുന്നു."

വിവാഹം സ്വതന്ത്രമനസ്സോടെ ചെയ്യുന്ന ഒരുടമ്പടിയാകയാൽ—പൂർണ്ണമനഃസമ്മതത്തോടും ഹൃദയൈക്യത്തോടുംകൂടി നടത്തപ്പെടുന്ന ഒരു കരാറാകയാൽ—ദമ്പതികളുടെ ആത്മാക്കൾ തമ്മിലും സുദൃഢമായ ഐക്യം സ്ഥാപിതമാകുന്നു എന്നുപറയാം.

പ്രധാനമായും സന്താനോൽപാദനത്തിനുവേണ്ടിയാണ് സ്ത്രീയും പുരുഷനും വിവാഹഉടമ്പടി ചെയ്യുന്നത്; ശരീരത്തിന്മേലുള്ള അവകാശം പരസ്പരം കൈമാറുന്നത്.

ഈ പരസ്പരകൈമാററം ശാശ്വതവും അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. ആകയാൽ "ഭാര്യയുടെ ശരീരത്തിന്മേൽ അവളുടെ ഭർത്താവിനല്ലാതെ അവൾക്കധികാരമില്ല; അങ്ങനെ തന്നെ ഭർത്താവിൻെറ ശരീരത്തിന്മേൽ ഭാര്യക്കല്ലാതെ അവനധികാരമില്ല."

ക്രിസ്ത്യാനികൾ തമ്മിൽ നടത്തുന്ന വിവാഹഉടമ്പടി കൂദാശക്കൂടിയാണ്. അതായത്, ആ ഉടമ്പടി നടത്തുന്ന സ്ത്രീപുരുഷന്മാരുടെ ആത്മാക്കളിൽ ശുദ്ധീകരണവരപ്രസാദവും കൂദാശയ്ക്കടുത്ത വരപ്രസാദവും മററു പ്രത്യേകാനുഗ്രഹങ്ങളും ദൈവം വർഷിക്കുന്നു. സന്താനോൽപാദനത്തിനു ദമ്പതികൾ നടത്തുന്ന ഈ ഉടമ്പടിയെ ധാരാളമായ അനുഗ്രഹങ്ങൾ അവരുടെമേൽ വർഷിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ദൈവം സ്വീകരിക്കുന്നു.

ക്രിസ്തീയവിവാഹത്തിൽ വെറും ഉടമ്പടി കൂദാശ എന്നീ തരം തിരിവുവരുത്തുവാൻ പാടില്ലാത്തവിധം അവ രണ്ടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. (See Canon Law. 1)

ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലാത്തവരുടെ വിവാഹം കൂദാശയല്ല; വെറും ഉടമ്പടിമാത്രമേ ആ

കുന്നുള്ളു. അതിനാൽ, കൂദാശയുടെ അനുഗ്രഹങ്ങളും ഫലങ്ങളുമൊന്നും അവർക്ക് വിവാഹം വഴിയായി ലഭിക്കുന്നില്ല. അവർ പിന്നീടു മാമ്മോദീസാ സ്വീകരിക്കുന്നുവെങ്കിൽ ആ ക്ഷണത്തിൽ, അതുവരെ വെറും ഉടമ്പടിമാത്രമായിരുന്ന അവരുടെ വിവാഹം കൂദാശയായിത്തീരുന്നു. കൂദാശയുടെ അനുഗ്രഹഫലങ്ങൾ അപ്പോൾ മുതൽ അവർക്ക് സിദ്ധിക്കുകയും ചെയ്യുന്നു.

## വിവാഹം- ഒരു കൂദാശ

സ്വീകരിക്കുന്നവരുടെ ആത്മാക്കളെ പ്രസാദവരത്താൽ വിശുദ്ധീകരിക്കുന്നതിനായി ഈശോമിശിഹാ സ്ഥാപിച്ച ഒരടയാളമാകുന്നു കൂദാശ.

വിവാഹം ഒരു കൂദാശയാകയാൽ, ഇതു സ്വീകരിക്കുന്നവരുടെ ഹൃദയങ്ങളിൽ ദൈവം ശുദ്ധീകരണവരപ്രസാദം ചൊരിയുന്നു; അങ്ങനെ അവരെ തന്റെ സ്വഭാവത്തിന്റെ പങ്കാളികളും ഓഹരിക്കാരുമാക്കുന്നു; തന്റെ സ്നേഹിതരും ഓത്തുപുത്രരുമാക്കിത്തീർക്കുന്നു.

വിവാഹം ഉയിരവരുടെ കൂദാശയാണു്. അതിനാൽ ദൈവേഷ്ടപ്രസാദത്തിലിരിക്കുമ്പോൾമാത്രമേ അതു സ്വീകരിക്കാവൂ. ചാവുദോഷത്തിലിരിക്കുന്നവർ വിവാഹം സ്വീകരിച്ചാൽ വിവാഹം വാസ്തവമാകുമെങ്കിലും വരപ്രസാദം ലഭിക്കുകയില്ലന്നു മാത്രമല്ല, അവർ ദൈവദോഷത്തിൽ ഉൾപ്പെടുകകൂടി ചെയ്യും. എന്നാൽ അവർ പിന്നീടു നല്ലകുമ്പസാരം

കഴിച്ചാൽ, വിവാഹത്തിൻെറ വേളയിൽ പാപ ദോഷം കാരണം തടയപ്പെട്ടിരുന്ന അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കും.

വിവാഹം വഴിയായി, ദമ്പതികൾക്ക് വിവാഹത്തിൻെറ കൂദാശയ്ക്കടുത്ത കൃപാവരവും ലഭിക്കുന്നു. ഓരോ കൂദാശയും സ്വീകരിക്കുന്നവർ, അതതു കൂദാശയുടേതായ പ്രത്യേക ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരാകുന്നു. അവയുടെ നിർവഹണത്തിനു് അവരെ പ്രാപ്തരാക്കുന്നതിനായി വിശേഷാൽ അനുഗ്രഹങ്ങൾ നല്കുവാൻ ദൈവം തിരുമനസ്സായിട്ടുണ്ട്. ഈ വിശേഷ അനുഗ്രഹങ്ങൾക്കാണു് കൂദാശയ്ക്കടുത്ത കൃപാവരം എന്നു പറയുന്നതു്. വാസ്തവത്തിൽ കൂദാശ സ്വീകരിക്കുമ്പോൾ ഈ കൃപാവരം ലഭിക്കുന്നില്ല; ആവശ്യനേരത്തു് ചോദിച്ചാൽ നല്കികൊള്ളാമെന്നു് ദൈവം വാഗ്ദാനം ചെയ്യുന്നേയുള്ളു. മററുവാക്കുകളിൽ പറഞ്ഞാൽ, കൂദാശയുടെ സ്വീകരണംകൊണ്ടു് പ്രസ്തുത അനുഗ്രഹങ്ങൾക്ക് അവർ അവകാശികളായിത്തീരുന്നു. ദൈവത്തിൻെറ ഈ വാഗ്ദാനത്തെ ഓർമ്മിപ്പിച്ചുകൊണ്ടു്, ആവശ്യനേരത്തു് പ്രാർത്ഥിച്ചാൽ അവ നല്കുവാൻ അവിടുന്നു കടപ്പെട്ടവനാണു് എന്നു തന്നെ പറയാം.

വിവാഹം സ്വീകരിക്കുന്നതുകൊണ്ടു്, ദമ്പതികൾക്ക് പല ഉത്തരവാദിത്വങ്ങളും ചുമതലകളും വന്നുചേരുന്നുണ്ടല്ലൊ. അവയുടെ സുഗമവും ഫലപ്രദവുമായ നിർവ്വഹണത്തിനു് ആവശ്യകമായ പ്രത്യേ

ക ദൈവാനുഗ്രഹങ്ങളാണു് വിവാഹത്തിൻെറ ക്രൂദാശസ്ലൂട്ടത്ത കൃപാവരം. വിവാഹത്തിൻെറ ചുമതലകൾ അനുഷ്ഠിക്കുന്നതിനു് വിഷമം തോന്നുമ്പോൾ, ക്രൂദാശസ്ലൂട്ടത്ത കൃപാവരം നല്കിക്കൊണ്ടു് തങ്ങളെ അനുഗ്രഹിക്കണമേയെന്നു് ദമ്പതികൾ തീഷ്ണതാപൂൎവ്വം പ്രാൎത്ഥിക്കേണ്ടതാണു്.

മററുക്രൂദാശകൾക്കെന്നതുപോലെ, വിവാഹത്തിലും സ്വീകരിക്കുന്നവരുടെ ഒരുക്കത്തെ ആശ്രയിച്ചായിരിക്കും ശുദ്ധീകരണവരപ്രസാദവും ക്രൂദാശസ്ലൂട്ടത്ത കൃപാവരവും ലഭിക്കുന്നതെന്നു് വിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവർ ഓൎത്തിരിക്കേണ്ടതാണു്

വിവാഹത്തിൻെറ കാൎമ്മികർ

(കൎമ്മം അനുഷ്ഠിക്കുന്നവർ)

വിവാഹത്തിൻെറ കാൎമ്മികർ ദമ്പതികൾ തന്നെയാണു്. അവർ പരസ്പരം ക്രൂദാശ നല്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. വിവാഹം ആശീൎവ്വദിക്കുന്ന വൈദികൻ ഔദ്യോഗിക സാക്ഷിയും ദമ്പതിമാരുടെമേൽ സഭയുടെ ആശീൎവ്വാദം നല്കുന്ന ആളും മാത്രമാണു്

കൎമ്മസാധനം

ഈ ക്രൂദാശയുടെ കൎമ്മസാധനം അകന്നതെന്നും അടുത്തതെന്നും വിഭജിക്കപ്പെട്ടിരിന്നു.

അകന്നകർമ്മസാധനം ദമ്പതികളുടെ ശരീരമാകുന്നു. അടുത്തകർമ്മസാധനം ശരീരങ്ങളിന്മേലുള്ള അവകാശത്തിന്റെ പരസ്പരകൈമാററമാണ്.

**കർമ്മസ്വരൂപം**

പ്രസ്തുതാവകാശകൈമാററത്തിന്റെ പരസ്പരസ്വീകരണമാണ്.

വിവാഹം സാധുവാകുന്നതിന് അവശ്യം ആവശ്യമായ ഒരു ഘടകമാണ് ദമ്പതികളുടെ മനഃസമ്മതം. മനഃസമ്മതം ബാഹ്യമായി പ്രകടിപ്പിക്കപ്പെടണം. പരസ്പരം പ്രകടിപ്പിക്കുന്ന ഈ മനഃസമ്മതം മൂലം ദമ്പതികൾ തങ്ങളുടെ ശരീരങ്ങളിൽ സന്താനോല്പാദനത്തിന് സ്വതവേ പര്യാപ്തവും അന്യാധീനമല്ലാത്തതുമായ അവകാശങ്ങൾ കൈമാറുകയും ഏററുവാങ്ങുകയും ചെയ്യുകയാണ്.

മനഃസമ്മതം സ്വതന്ത്രവും ആന്തരികവും യഥാർത്ഥവുമായിരിക്കണം. ബലപ്രയോഗത്താലോ സാരാംശത്തിലുള്ള തെററിദ്ധാരണയോടോ നല്കപ്പെടുന്ന മനഃസമ്മതം വിവാഹത്തിന്റെ സാധുത്വത്തിന് അപര്യാപ്തമാണ് (C. L. 78)

ആൾമാറാട്ടം വിവാഹത്തെ അസാധുവാക്കുന്നു. (C. L. 79)

**വിവാഹം ചെയ്യുന്നവർക്കുണ്ടായിരിക്കേണ്ട ഉദ്ദേശം**

വിവാഹം എന്ന കൂദാശ സ്വീകരിക്കുന്നവർ:—

a ആ അന്തസ്സിലേക്കു തങ്ങളെ വിളിക്കുന്ന ദൈവത്തിന്റെ തിരുമനസ്സു നിറവേററുവാനും

b തങ്ങളുടെ ആത്മരക്ഷ സാധിക്കുന്നതിനു് ആ ജീവിതാവസ്ഥയിൽ വേലചെയ്യുവാനും

c സന്താനങ്ങളുടെ ഉല്പാദനകർമ്മത്തിൽ ദൈവത്തോടു സഹകരിക്കുവാനും

d ആ കുഞ്ഞുങ്ങളെ ഉത്തമ ക്രിസ്ത്യാനികളാക്കി വളർത്തുവാനും

e ഉത്തമ ക്രൈസ്തവ കുടുംബജീവിതം നയിക്കുവാനും

f കുടുംബജീവിതത്തിലേ തങ്ങളുടെ പങ്കാളിയുടെ ഐഹികവും പാരത്രികവുമായ ജീവിതവിജയത്തിനു് സഹായിക്കുവാനും ഉള്ള ഉദ്ദേശമുണ്ടായിരിക്കണം.

## ഈ കൂദാശ സാധുവായി സ്വീകരിക്കുന്നതിനു് ആവശ്യകമായ ഘടകങ്ങൾ

1 ജ്ഞാനസ്നാനം സ്വീകരിച്ചവരായിരിക്കണം. അക്രൈസ്തവരുടെ വിവാഹം കൂദാശയാകുന്നില്ല.

2 വിവാഹഉടമ്പടി ചെയ്യുന്നതിനുള്ള കഴിവും ഉദ്ദേശവും ഉണ്ടായിരിക്കണം. നന്മതിന്മ തിരിച്ചറിവാൻ പ്രായമായിട്ടില്ലാത്തവരും ഭ്രാന്തന്മാരും ചെയ്യുന്ന ഉടമ്പടി സാധുവാകുകയില്ല.

3 സന്താനോൽപാദനത്തിനു പ്രകൃത്യാ പര്യാപ്ത

മായ പ്രവൃത്തി (ലൈംഗികസംയോഗം) ചെയ്യുന്നതിനുള്ള പ്രാപ്തിയുള്ളവരായിരിക്കണം.

4 വിവാഹത്തെ അസാധുവാക്കുന്ന കാനോനിക പ്രതിബന്ധങ്ങൾ ഉണ്ടായിരിക്കരുത്. കാനോനികമായ പ്രായമില്ലായ്മ, (പുരുഷനു 16–ം സ്ത്രീക്കു 14–ം വയസ്സ് പൂർത്തിയായിരിക്കണം) സംയോഗത്തിനുള്ള അപ്രാപ്തി, (ശാശ്വതവും വിവാഹത്തിനു മുമ്പേയുള്ളതുമായ) നിലനില്ക്കുന്ന മുൻവിവാഹം, അക്രൈസ്തവത്വം, (മാമ്മോദീസാ സ്വീകരിച്ചയാളും സ്വീകരിച്ചിട്ടില്ലാത്തയാളും തമ്മിലാണ് അക്രൈസ്തവത്വം എന്ന പ്രതിബന്ധമുള്ളത്) പട്ടം, ആഘോഷപൂർവ്വകമായ സന്യാസവ്രതം, ബലപ്രയോഗം, രക്തബന്ധം, ബന്ധുത്വം, ആത്മീയബന്ധം മുതലായവയാണ് നിയമപരമായ പ്രതിബന്ധങ്ങൾ. *

## വിവാഹത്തിൻെറ ഉദ്ദേശം.

"സന്താനോൽപാദനം, അവരുടെ നല്ല വളർത്തൽ എന്നിവയത്രെ വിവാഹത്തിൻെറ പ്രഥമവും സർവ്വപ്രധാനവുമായ ലക്ഷ്യം. ദമ്പതികൾ പരസ്പരം സഹകരിച്ചു സഹായിക്കുക, മോഹാഗ്നി ശമിപ്പിക്കുക എന്നിവ വിവാഹത്തിൻെറ അപ്രധാനവും ദ്വിതീയവുമായ ലക്ഷ്യം മാത്രമേ ആകുന്നുള്ളു." (C. 2)

---

* കാനൻ നിയമങ്ങൾ 57-71 വരെ കാണുക.

## 1 സന്താനങ്ങളുടെ ഉൽപാദനം.

സന്താനങ്ങളെ ജനിപ്പിക്കുക എന്നതാണ് വിവാഹത്തിൻെറ പ്രധാനമായ ഉദ്ദേശം. ഈ ഉദ്ദേശം നിർവഹിക്കപ്പെടുന്നതിനു് ആവശ്യകമായ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അവകാശം വിവാഹം വഴിയായി ദമ്പതികൾക്കു ലഭിക്കുന്നു. മനുഷ്യർ സ്ത്രീ പുരുഷന്മാരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും, സന്താനോല്പാദനത്തിനുള്ള കഴിവും ഉൽപാദനകർമ്മാനുഷ്ഠാനത്തിലേക്കുള്ള ആകർഷണവും സ്ത്രീ പുരുഷന്മാർക്കു നല്കപ്പെട്ടിട്ടുള്ളതും ഈ ഉദ്ദേശത്തോടുകൂടിയാണു്. "നിങ്ങൾ പെരുകി വർദ്ധിച്ചു ഭൂമിയിൽ നിറയുവിൻ" എന്നു് ആദ്യദമ്പതികൾക്കു് അവരുടെ വിവാഹത്തിൻെറ വേളയിൽ ദൈവം നല്കിയ ആശംസയും "യുവതികൾ വിവാഹം ചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.......കുട്ടികളെ പ്രസവിക്കുന്നതിനും കുടുംബമാതാക്കൾ ആകുന്നതിനും വേണ്ടിത്തന്നെ" എന്നുള്ള വി. പൗലോസിൻെറ പ്രബോധനവും ഈ യാഥാർത്ഥ്യത്തെ ഉറപ്പിക്കുകയാണു് ചെയ്യുന്നതു്.

## 2 സന്താനങ്ങളെ ദൈവത്തിനായി വളർത്തുക.

സന്താനോൽപാദനത്തിനോടവശ്യം ബന്ധപ്പെട്ടു നില്ക്കുന്ന ഒരു ചുമതലയാണു് ആ കുഞ്ഞുങ്ങളുടെ സംരക്ഷണം. സന്താനങ്ങളെ ജനിപ്പിക്കുന്നതോടേ ദമ്പതികൾ ദൈവനിശ്ചയപ്രകാരം തങ്ങളുടെ

ജോലി ആരംഭിച്ചു കഴിഞ്ഞു. ആരംഭിച്ച ആ വേല പൂർത്തിയാക്കുവാനും അവർക്ക് ചുമതലയുണ്ടല്ലോ. തങ്ങൾ ദൈവേഷ്ടപ്രകാരം ജീവൻ നല്കിയ കുഞ്ഞുങ്ങളെ ദൈവേഷ്ടപ്രകാരം വളർത്തിക്കൊണ്ടാണവർ ആ വേലയെ പൂർത്തിയാക്കേണ്ടതു്.

ശിശുക്കൾ തങ്ങളുടെ ശാരീരികവും ആത്മീയവുമായ ജീവനെ സംരക്ഷിക്കുവാനും വളർത്തിക്കൊണ്ടുവരുവാനും തീരെ അപ്രാപ്തരാണല്ലോ. മാതാപിതാക്കന്മാർക്ക് അതിനുള്ള കഴിവും പ്രേരണയും പ്രകൃതിദത്തമായി ലഭിച്ചിട്ടുമുണ്ടു്. ഇക്കാര്യത്തിൽ മാതാപിതാക്കന്മാരെ അവർ പ്രകൃത്യാതന്നെ ആശ്രയിക്കുന്നുമുണ്ടു്. ഇവയിൽ നിന്നെല്ലാം സ്പഷ്ടമാകുന്നുണ്ടു് മക്കളുടെ വളർത്തലിൽ മാതാപിതാക്കന്മാർ ചുമതലപ്പെട്ടവരാണെന്നു്.

"തങ്ങളുടെ ശക്തിക്കൊത്തവണ്ണം കുട്ടികൾക്കു മതപരമായും, സാന്മാർഗ്ഗികമായും, കായികമായും സാമുദായികമായും അഭ്യസനം നല്കുവാനും അവർക്കു സാമ്പത്തികമായി വേണ്ടതു ചെയ്തുകൊടുക്കുവാനും ഏററവും ഗൗരവാവഹമായ കടമ മാതാപിതാക്കന്മാരിൽ നിക്ഷിപ്തമായിരിക്കുന്നു" എന്നുള്ള സഭാനിയമം പ്രകൃതിനാഥൻെറ ഇംഗിതത്തിൻെറ ഒരു സ്പഷ്ടമായ പ്രഖ്യാപനം മാത്രമാണു്.

ചുരുക്കത്തിൽ വിവാഹബന്ധത്തിൽ ഏർപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചിടത്തോളം ദൈവ

ത്തിൻെറ ഉദ്ദേശ്യം ഇതാണ്: മക്കളെ സ്നേഹപൂർവ്വം ജനിപ്പിക്കുകയും വാത്സല്യപൂർവ്വം വളർത്തുകയും ചെയ്യുക.

തന്മൂലം കൃത്രിമോപകരണങ്ങളുപയോഗിച്ചുകൊണ്ടുള്ള ജനനനിയന്ത്രണം വിവാഹത്തിൻെറ പ്രാഥമികോദ്ദേശ്യത്തെത്തന്നെ വിഫലപ്പെടുത്തുന്നതാകയാൽ അനുവദനീയമല്ല എന്നു സിദ്ധിക്കുന്നു.

3. കുടുബജീവിതം നയിക്കുക.

വിവാഹത്തിൻെറ പ്രാഥമികോദ്ദേശ്യങ്ങൾ ഫലപ്രദമായി നിർവഹിക്കപ്പെടുന്നതിനു് ദമ്പതികൾ ശാശ്വതവും അഭേദ്യവുമായ സ്നേഹ ബന്ധത്തിൽ കുടുംബജീവിതം നയിക്കേണ്ടതാവശ്യമാണ്.

സന്താനങ്ങളുടെ ഉല്പാദനത്തിനു മാത്രമല്ല, വളർത്തലിനും, ദമ്പതികളിരുവരുടേയും സഹകരണവും പരിചരണവും ആവശ്യമുണ്ടല്ലോ. ആകയാൽ "തക്ക കാരണം കൂടാതെ ദമ്പതികൾ പിരിഞ്ഞു താമസിച്ചുകൂടാ". (C.L. 117) വിവാഹമോചനം പ്രകൃതിനാഥൻെറ ഉദ്ദേശ്യത്തിനു വിപരീതമാണെന്നു തിരുസഭ പഠിപ്പിക്കുന്നതു് ഇക്കാരണംകൊണ്ടു കൂടിയാണ്. നിസ്സാരമായ കാരണങ്ങളാൽ വേർപിരിഞ്ഞു താമസിക്കുന്ന ദമ്പതികളും, ദമ്പതികളെ വേർതിരിച്ചു താമസിപ്പിക്കുന്ന രക്ഷാകർത്താക്കളും പ്രകൃതിക്കു തന്നെ എതിരായ ഒരു കുററമാണു് ചെയ്യുന്നതെന്നു് ഇതിൽനിന്നും തെളിയുന്നുണ്ടല്ലോ.

## 4. വിശ്വസ്തത പാലിക്കുക.

"ഭാര്യയുടെ ശരീരത്തിന്മേൽ അവളുടെ ഭർത്താവിനല്ലാതെ അവൾക്കധികാരമില്ല. അങ്ങനെ തന്നെ ഭർത്താവിന്റെ ശരീരത്തിന്മേൽ ഭാര്യക്കല്ലാതെ അവകാശമില്ല."

വിവാഹക്കരാർ ചെയ്യുന്ന സ്ത്രീപുരുഷന്മാർ പരസ്പരവിശ്വസ്തത പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഈ ഉടമ്പടിമൂലം അവരിരുവരും ലൈംഗിക സംയോഗത്തിനുള്ള പരിപൂർണ്ണ അവകാശം അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തവിധം പരസ്പരം കൈമാറുകയാണ് ചെയ്യുന്നത്. തന്മൂലം, ഇതിൽ മൂന്നാമതൊരാൾക്ക് ആഗ്രഹത്താൽ പോലും പ്രവേശനമനുവദിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവർ "വ്യഭിചാരം ചെയ്യരുത്" എന്ന പ്രമാണം ലംഘിക്കുന്നതോടൊപ്പം കരാർലംഘനം എന്ന ചാവുദോഷത്തിൽ കൂടി ഉൾപ്പെടുന്നു. അങ്ങനെ രണ്ടു പാപങ്ങൾ ഒരേ സമയം ചെയ്യുന്നു.

പരസ്പര വിശ്വസ്തത പാലിക്കുന്നതിനു ദമ്പതികൾ തമ്മിൽ സഗാഢമായ സ്നേഹമുണ്ടായിരിക്കണം. ക്ഷണികമായ കാമാസക്തിയാലല്ല, വികാരതീവ്രതയാലല്ല, മറിച്ച് അഗാധവും ദൃഢവുമായ ഹൃദയസ്നേഹത്താലത്രേ അവർ ബന്ധിതരാകേണ്ടത്.

യഥാർത്ഥ സ്നേഹം പ്രവൃത്തിവഴിയായി പ്രകടിപ്പിക്കപ്പെടണം. സ്നേഹഭാജനത്തിനുവേണ്ടി ആ

ത്മത്യാഗമനുഷ്ഠിക്കുന്നതിനുള്ള സന്നദ്ധതയാണു് ദാമ്പത്യപ്രേമത്തിൻെറ ലക്ഷണം. സ്വന്തം സുഖസൗകര്യങ്ങളേയും ഇഷ്ടാനിഷ്ടങ്ങളേയും അവഗണിച്ചുകൊണ്ടു് പങ്കാളിക്കുവേണ്ടി ജീവിക്കുവാൻ സന്നദ്ധരാകുകയും, എല്ലാക്കാര്യത്തിലും ദൈവപ്രമാണത്തെയും പ്രകൃതിനിയമങ്ങളേയും മുൻനിർത്തി പ്രവർത്തിക്കുവാൻ പരസ്പരം സഹായിക്കുകയും ചെയ്യുന്നതിനു് യഥാർത്ഥമായ ഈ സ്നേഹം ദമ്പതിമാരെ പ്രേരിപ്പിക്കണം.

വിവാഹജീവിതത്തിൻെറ കോട്ടയും കുടുംബത്തിൻെറ അടിത്തറയും ദാമ്പത്യ വിശ്വസ്തതയാണു്. കുടുംബ ഭദ്രതയെ അഭിലഷിക്കുന്നവർ, വിവാഹജീവിതത്തെ താറുമാറാക്കുവാൻ ഇച്ഛിക്കാത്തവർ ഈ പരസ്പരവിശ്വസ്തത അഭംഗം പാലിക്കുവാൻ അക്ഷീണം പരിശ്രമിക്കുകയും തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണു്.

## വിവാഹത്തിൻെറ മാഹാത്മ്യം.

ആദിമാതാപിതാക്കന്മാരെ ദൈവം സൃഷ്ടിച്ചതു് ആരുടേയും സഹകരണത്തോടേയല്ല. ആദത്തിൻെറ ശരീരം അവിടുന്നു മണ്ണുകൊണ്ടു നിർമ്മിച്ചു; ആത്മാവിനെ ശരീരത്തിൽ അവിടുന്നു നിവേശിപ്പിച്ചു. ഹവ്വായെയാകട്ടെ ആദത്തിൻെറ വാരിയെല്ലിൽ നിന്നും അവിടുന്നു കരുപ്പിടിപ്പിച്ചു.

ആദത്തേയും ഹവ്വായേയും സൃഷ്ടിച്ചതുപോലെ

പരസഹായം കൂടാതെ ലോകാവസാനം വരെയുള്ള മനുഷ്യരെ അവിടത്തേക്കു സൃഷ്ടിക്കാമായിരുന്നു. എന്നാൽ അങ്ങനെയല്ല അവിടുന്നു തിരുമനസ്സായതു്. തന്റെ പിതൃത്വത്തിൽ മാതാപിതാക്കന്മാരെ പങ്കാളികളാക്കുവാൻ, മനുഷ്യജാതിയുടെ സൃഷ്ടികർമ്മത്തിൽ മാതാപിതാക്കന്മാരെ സഹകരിപ്പിക്കുവാൻ അവിടുന്നു തിരുവുള്ളമായി. ഉൽപാദനശക്തി സ്ത്രീപുരുഷന്മാർക്കു നല്കികൊണ്ടു്, സന്താനങ്ങളെ ജനിപ്പിക്കുന്നതിനു് വിവാഹിതർക്കനുവാദം നല്കികൊണ്ടു് ഭാര്യാഭർത്താക്കന്മാരെ അവിടുന്നു് തന്റെ സഹപ്രവർത്തകന്മാരാക്കിത്തീർത്തു. ആദത്തിന്റെ സൃഷ്ടിയിൽ അവിടുന്നു നിർവഹിച്ച പ്രഥമ ജോലിയെ—മനുഷ്യശരീരത്തിന്റെ നിർമ്മാണമെന്ന അത്ഭുതകരമായ കൃത്യത്തെ—അവിടുന്നു ദമ്പതിമാരെ ഏല്പിച്ചു. ശിശുവിന്റെ ശരീരം മാതാപിതാക്കന്മാർ ഉല്പാദിപ്പിക്കുന്ന ക്ഷണത്തിൽ തന്നെ, അനശ്വരമായ ഒരാത്മാവിനെ അവിടുന്നു സൃഷ്ടിച്ചു് ആ ശരീരത്തിൽ പ്രവേശിപ്പിക്കുന്നു. അങ്ങനെ മാതാപിതാക്കന്മാരുടേയും ദൈവത്തിന്റേയും സഹകരിച്ചുള്ള പ്രവൃത്തിയാൽ ഒരു ശിശു ജന്മമെടുക്കുന്നു. ഹാ, ദമ്പതികൾക്കു നല്കപ്പെട്ടിരിക്കുന്ന വിസ്മയാവഹമായ കഴിവു്! ഒരുവനും ഈ കഴിവു് ദുർവിനിയോഗിക്കാതെ ഇരുന്നിരുന്നെങ്കിൽ!!

ശിശുക്കളുടെ നല്ല വളർത്തൽ പൂർണ്ണമായും മാതാപിതാക്കന്മാരെ ദൈവം ഏല്പിച്ചിരിക്കുകയാണു്.

ഇക്കാര്യത്തിൽ മാതാപിതാക്കന്മാർ ദൈവത്തിൻെറ സഹപ്രവർത്തകന്മാർ മാത്രമല്ല, പ്രതിനിധികൾ തന്നെയാണു്. ആ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും വളർത്തിക്കൊണ്ടുവരുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്വം മാതാപിതാക്കന്മാരെ അവിടുന്നു് ഏല്പിക്കുന്നു. തൻെറ പ്രതിച്ഛായയിൽ അവിടുന്നു സൃഷ്ടിച്ചിരിക്കുന്ന ആത്മാക്കളുടെ രക്ഷ, തൻെറ ഓമനസുതൻെറ തിരുരക്തം വിലകൊടുത്തുവാങ്ങിയ ആത്മാക്കളുടെ നിത്യരക്ഷ അവിടുന്നു പ്രധാനമായും മാതാപിതാക്കന്മാരെ ഏല്പിച്ചിരിക്കുന്നു! മാതാപിതാക്കന്മാക്കു് എത്ര വലിയ ഒരുത്തരവാദിത്വം!! വിധിദിവസം ഈ ആത്മാക്കളുടെ കണക്കു ദൈവം തങ്ങളോടു ചോദിക്കുമെന്ന കാര്യം മാതാപിതാക്കന്മാർ അനുസ്മരിച്ചിരുന്നെങ്കിൽ!!

## ദാമ്പത്യ ധർമ്മാനുഷ്ഠാനം

സന്താനോൽപാദനത്തിനു ദമ്പതികൾ അവശ്യം അനുഷ്ഠിക്കേണ്ട സംയോഗപ്രവൃത്തിയാണു ദാമ്പത്യധർമ്മാനുഷ്ഠാനമെന്ന പേരുകൊണ്ടിവിടെ വിവക്ഷിക്കപ്പെടുന്നതു്.

ദമ്പതിമാക്കു് വിവാഹം വഴിയായി ലഭിക്കുന്ന ഒരവകാശവും ചുമതലയുമാണിതു്. ഈ പ്രവൃത്തി പാപമല്ല; ഉൽപാദനകർമ്മത്തിൽ സ്രഷ്ടാവിനോടു നിയമാനുസൃതം സഹകരിക്കുകയാകകൊണ്ടു് ഒരു പുണ്യകൃത്യം കൂടിയാകുന്നു. മാത്രമല്ല, വിവാഹഉട

മ്പടിയനുസരിച്ച് പങ്കാളി ന്യായമായി ആവശ്യപ്പെട്ടപ്പോൾ ഈ പ്രവൃത്തി ചെയ്യുവാൻ ചുമതലകൂടിയുണ്ട്. "ഭാര്യ ഭർത്താവിനു വിവാഹക്കടം നല്കട്ടെ; ഭർത്താവു ഭാര്യക്കും." (വി. പൗലോസ്) ആകയാൽ തക്ക കാരണംകൂടാതെ (മടിയോ, വാശിയോ, അതൃപ്തിയോകൊണ്ട്) ദാമ്പത്യധർമ്മാനുഷ്ഠാനത്തിനു വിസമ്മതിക്കുന്നയാൾ ഗുരുതരമായ കരാർലംഘനമാണു ചെയ്യുന്നതു്; അതു് ചാവുദോഷമായിത്തീരുവാനും വഴിയുണ്ട്. ഭക്താഭ്യാസനത്തിനായിരുന്നാൽ തന്നെയും ഭാര്യാഭർത്താക്കന്മാർ അന്യോന്യ സമ്മതം കൂടാതെ, ദാമ്പത്യധർമ്മാനുഷ്ഠാനത്തിൽനിന്നു വിരമിക്കുവാൻ പാടുള്ളതല്ല.

എന്നാൽ ശരീരത്തിന്റെ അസുഖവും ക്ഷീണവും മററിതുപോലുള്ള ന്യായമായ കാരണവും നിമിത്തം ദാമ്പത്യ ധർമ്മാനുഷ്ഠാനത്തിനു നിവൃത്തിയില്ലാത്തപ്പോൾ ആ വിവരം സ്നേഹപൂർവം സഹകാരിയെ അറിയിച്ച് ആ ആളുടെ സമ്മതം വാങ്ങണം. ഈ ന്യായമായ വിസമ്മതത്തെ അംഗീകരിക്കുവാൻ മറേറയാൾ സന്നദ്ധമായിരിക്കണം. വിസമ്മതം പ്രദർശിപ്പിക്കുന്ന കക്ഷിയെ മർദ്ദിച്ചോ ബലാല്ക്കാരമായോ ഭീഷണി പ്രയോഗിച്ചോ സമ്മതിപ്പിക്കുവാൻ ശ്രമിക്കുന്നതു് ശരിയല്ല. സ്നേഹത്തോടും ഹൃദയയോജ്യതയോടും ചെയ്യപ്പെടേണ്ട ഒരു കൃത്യമാണു് ഇതു് എന്നുള്ള കാര്യം ദമ്പതിമാർ എപ്പോഴും അനുസ്മരിക്കേണ്ടതാണു്. ആകയാൽ ഇരുകക്ഷികൾക്കും

സന്തോഷവും മനഃസുഖവും ശരീരസുഖവും പൂർണ്ണസമ്മതവും ഉള്ളപ്പോൾ മാത്രം ഈ കടമ നിർവഹിക്കപ്പെടട്ടെ.

ദാമ്പത്യധർമ്മാനുഷ്ഠാനത്തിനുള്ള സമയവും സ്ഥലവും വിവേകപൂർവ്വം തെരഞ്ഞെടുക്കപ്പെടേണ്ടതാണ്. മറ്റുള്ളവരുടെ, പ്രത്യേകിച്ചു കുഞ്ഞുങ്ങളുടെ സാന്നിധ്യത്തിൽ ഈ പ്രവൃത്തി ചെയ്യാതിരിക്കുവാൻ ദമ്പതികൾ ശ്രദ്ധിക്കണം. കാര്യങ്ങൾ കണ്ടുഗ്രഹിക്കുന്നതിനു പ്രായമായ കുഞ്ഞുങ്ങളെ ദമ്പതിമാരുടെ മുറിയിൽ രാത്രി ഉറങ്ങാൻ അനുവദിക്കാതെയിരിക്കുന്നതാണ് നല്ലതു്.

നോമ്പുകാലത്തും വി. കുർബ്ബാന കൈക്കൊള്ളുന്ന ദിവസങ്ങളിലും മററും സംയോഗം നടത്തരുതെന്നുള്ളതു് ഒരു കല്പനയല്ല; ഉപദേശം മാത്രമാണ്. ഈ വിഷയത്തെപ്പററി വി. ഫ്രാൻസിസ്സ്സെയിൽസ് പറയുന്നതിങ്ങനെയാണ്: കടം കൊടുക്കുന്ന പണം സാബത്തുദിവസങ്ങളിൽ തിരിയെ വാങ്ങുന്നതിനു ദൈവം ഇസ്രായേൽക്കാരെ അനുവദിച്ചിരുന്നില്ല. എന്നാൽ ഉടമസ്ഥൻ ആവശ്യപ്പെടുന്നപക്ഷം കടംവാങ്ങിയ പണം തിരിയെ കൊടുക്കുന്നതിനെ നിരോധിച്ചിരുന്നുമില്ല. വിവാഹിതരുടെ പരസ്പരധർമ്മാനുഷ്ഠാനത്തിലും ഈ നിയമം മാർഗ്ഗദർശകമാകട്ടെ. വി. കുർബ്ബാന ഉൾക്കൊള്ളുന്നതിനുള്ള ദിവസം ഈ വക കാര്യങ്ങൾ ആവശ്യപ്പെടുന്നതു തീരെ അനുചിതമാണെങ്കിലും, ഒരാൾ ആവശ്യപ്പെട്ടാൽ

മറേറയാൽ അതിനു സമ്മതിക്കുന്നതു സ്തുത്യർഹമായിരിക്കും; അതു ദിവ്യകാരുണ്യസ്വീകരണത്തിനു ഒരു പ്രതിബന്ധമായിരിക്കുകയില്ല. ആദിമക്രൈസ്ത്യാനികൾ വിവാഹിതരും സന്താനസമ്പന്നരും ആയിരുന്നുവെങ്കിലും അവർ അനുദിനം ദിവ്യകാരുണ്യം ഉൾക്കൊണ്ടിരുന്നു."

വൈവാഹികാനന്ദം ദമ്പതികൾക്കു അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പുണ്യത്തിനും വിവേകത്തിനും യോജിച്ച വിധം ചിലപ്പോഴൊക്കെ ദമ്പതികൾ പരസ്പര സമ്മതപ്രകാരം ആത്മസംയമനം പാലിക്കേണ്ടതാണ്. ഭക്ഷണം ആവശ്യമാണ്; അതിന്റെ രുചി നമുക്കാസ്വാദിക്കുകയും ചെയ്യാം. എങ്കിലും ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ നിയന്ത്രണം വേണമല്ലോ. ഇതുപോലെ വൈവാഹികാനന്ദത്തിന്റെ കാര്യത്തിലും മിതത്വവും നിയന്ത്രണവും പാലിക്കേണ്ടതായുണ്ട്. ദമ്പതികൾ തമ്മിൽ അകന്നു ജീവിക്കുമ്പോഴോ ആത്മനിയന്ത്രണം അവശ്യാവശ്യമായ മററിതുപോലുള്ള സന്ദർഭങ്ങളിലോ അതിനു കഴിവുണ്ടാകണമെങ്കിൽ, അനുവദനീയമായ സന്ദർഭങ്ങളിൽപോലും ചിലപ്പോൾ ഇതുപേക്ഷിച്ചു ശീലിക്കേണ്ടതാണ്.

ദാമ്പത്യധർമ്മാനുഷ്ഠാനം വഴിയായി ദമ്പതികൾ സൃഷ്ടികർമ്മത്തിൽ ദൈവത്തോടു സഹകരിക്കുകയാണു ചെയ്യുന്നതു്. തന്മൂലം ഈ പ്രവൃത്തി പരിശുദ്ധമാണ്. പരിശുദ്ധമായതിനെ പരിശുദ്ധമായിത്തന്നെ ഉപയോഗിക്കണമല്ലോ. ആകയാൽ,

പ്രാർത്ഥനയുടെ അരൂപിയോടും ശുദ്ധമായ നിയോഗത്തോടും കൂടിവേണം ഇതു നിർവഹിക്കപ്പെടുവാൻ. വെറും ജഡികാനന്ദമോ അനിയന്ത്രിതമായ ദുരാശയോ ആയിരിക്കരുതു് ഈ പ്രവൃത്തിയ്ക്കു പ്രേരണ നല്കുന്നതു്. കാമാവേശത്തോടെ നടത്തപ്പെടുന്ന സംയോഗത്തിന്റെ ഫലമായി ജന്മമെടുക്കുന്ന സന്താനങ്ങൾ ഭോഗാസക്തരായിത്തീരുവാൻ ഇടയുണ്ടെന്നുള്ള കാര്യം ദമ്പതികൾ അനുസ്മരിക്കുന്നതു നന്നായിരിക്കും.

മാന്യന്മാർ ആരും ഭക്ഷണസമയത്തിനുമുമ്പു തന്നെ കഴിക്കുവാൻ പോകുന്ന ഭക്ഷണത്തെപ്പററി വിചാരിച്ചു സന്തോഷിക്കാറില്ല; ഭോജനത്തിനുശേഷം രസനേന്ദ്രിയത്തിനു് ലഭിച്ച ആനന്ദത്തെപ്പററി ചിന്തിക്കാറുമില്ല. വിവാഹിതർക്കു് ഇതൊരു പാഠമായിരിക്കട്ടെ. തങ്ങൾ തെരഞ്ഞെടുത്തിരിക്കുന്ന ജീവിതാവസ്ഥയ്ക്കു് അനുരൂപമായ പ്രവൃത്തികൾ ചെയ്യുന്നതിനു് അവർ നിബദ്ധരാണെങ്കിലും അവയ്ക്കു മുമ്പോ പിമ്പോ ആവക കാര്യങ്ങളെപ്പററി ചിന്തിച്ചു രസിക്കുന്നതു് ഒട്ടും ആശാസ്യമല്ല. നേരേ മറിച്ചു്, ഇങ്ങനെയുള്ള പ്രവൃത്തി കഴിഞ്ഞാലുടൻ തന്നെ, അവയിൽനിന്നും മനസ്സിനെ വിമുക്തമാക്കുകയും കൂടുതൽ തീക്ഷ്ണതയോടേ ഉൽകൃഷ്ടവും പരിശുദ്ധവുമായ കാര്യങ്ങളിൽ ദത്തശ്രദ്ധരാവുകയും ചെയ്യേണ്ടതാണു്.

ദമ്പതികൾ തമ്മിൽ ഏതൊരുതരം അശുദ്ധപ്രവൃത്തികളും ചെയ്യാമെന്നു ധരിച്ചുവച്ചിട്ടുള്ള

ചിലരെല്ലാമുണ്ട്. എന്നാൽ ആ ധാരണ ശരിയല്ല. സന്താനോൽപാദനമാണ് ദാമ്പത്യധർമ്മാനുഷ്ഠാനത്തിൻെറ പ്രഥമോദ്ദേശ്യം. അതിനാൽ ഗർഭോൽപാദനത്തിനാവശ്യകവും സഹായകവുമായ പ്രവൃത്തികൾ മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളു. ഗർഭോൽപാദനത്തെ വിഫലപ്പെടുത്തുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ പ്രവൃത്തികളെല്ലാം നിഷിദ്ധമാണ്. കൃത്രിമോപകരണങ്ങളുപയോഗിച്ചുകൊണ്ടോ മററു വിധത്തിലോ പുരുഷബീജം സ്ത്രീയുടെ ഉൽപാദനേന്ദ്രിയത്തിൽ വീഴിക്കാതെയുള്ള സംയോഗം ഗുരുതരമായ പാപമാണ്. *

---

* "കൃത്രിമ പ്രയോഗങ്ങൾ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യത്തെ എന്നന്നേക്കുമായി താറുമാറാക്കുക മാത്രമല്ല പ്രകൃതിവിരുദ്ധമായ ഒരു തരം ഭ്രൂണഹത്യയാണെന്നും ദൈവകോപത്തിനു കൂടി അതു കാരണമാകുമെന്നുമത്രേ എൻെറ വിശ്വാസം"
(മിസ്സസ്സ് മള്ളർ)

ജനനനിയന്ത്രണമെന്ന അസംബന്ധമായ പേരിനാൽ അറിയപ്പെടുന്ന പ്രസ്ഥാനം, വാസ്തവത്തിൽ സന്താനനിവാരണമെന്നോ സന്താനഹനനമെന്നോ വിളിക്കപ്പെടേണ്ടതാണെന്നാണ് സുപ്രസിദ്ധ ചിന്തകനായ ജി—കെ—ചെസ്റ്റർടൺ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

ചിത്തഭ്രമം, നാഡിരോഗം, കാൻസർ തുടങ്ങിയ മഹാവ്യാധികൾക്ക് കൃത്രിമമായ ജനന

എന്നാൽ, പ്രതികൂലസാഹചര്യങ്ങൾ നിമിത്തം ഗർഭോൽപാദനം ദുസ്സാധമാണെങ്കിൽത്തന്നെയും സ്വതവേ ഗർഭോൽപാദനത്തിനു പര്യാപ്തമായ രീതിയിൽ സംയോഗം നടത്തുന്നതിൽ തെററില്ലതാനും. എന്തെന്നാൽ "ദമ്പതികൾ പരസ്പരം സഹകരിച്ചു സഹായിക്കുക മോഹാഗ്നി ശമിപ്പിക്കുക എന്നിവ വിവാഹത്തിൻെറ" ദ്വിതീയമായ ലക്ഷ്യം ആണല്ലോ. (See C. L. 2)

## അദ്ധ്യായം മൂന്നു്

### വിവാഹത്തെപ്പററി വേദപുസ്തകവാക്യങ്ങൾ.

(വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം 3 മുതൽ 11 വരെ വാക്യങ്ങൾ)

"ഫ്രീശർ അവൻെറ അടുക്കൽവന്നു് അവനെ പരീക്ഷിച്ചുകൊണ്ടു്: ഏതു കാരണത്താലെങ്കിലും ഒരു മനുഷ്യനു തൻെറ ഭാര്യയെ ഉപേക്ഷിക്കുവാൻ

---

നിയന്ത്രണം കാരണമാകുമെന്നു് അഭിപ്രായപ്പെടുന്നവരുമുണ്ടു്. ദമ്പതികൾ പരസ്പരം സമ്മതിച്ചുകൊണ്ടുള്ള ആത്മസംയമനം, തക്കതായ കാരണത്തോടുകൂടി നിഷ്ഫലകാലങ്ങളിൽ (safe period) മാത്രമുള്ള സംയോഗം എന്നിവമൂലം ജനനനിയന്ത്രണം സാധിക്കുന്നതിനു് തിരുസഭ എതിരല്ല എന്നിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

പാട്ടുണ്ടോ എന്നു ചോദിച്ചു. അവൻ ഉത്തരമായി അവരോട്ടു് അരുളിച്ചെയ്തു: ആദിയിൽ ഉണ്ടാക്കിയവൻ ആണും പെണ്ണുമായി അവരെ ഉണ്ടാക്കിയെന്നും അതിനാൽ പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു് തൻെറ ഭാര്യയോടു ചേൎന്നിരിക്കുകയും അവരിരുവരും ഒരു ജഡമായിത്തീരുകയും ചെയ്യുമെന്നു് അവൻ പറഞ്ഞു എന്നും നിങ്ങൾ വായിച്ചിട്ടില്ലേ? ആകയാൽ അവർ ഒരു ശരീരമല്ലാതെ രണ്ടല്ല. അതുകൊണ്ടു് ദൈവം യോജിപ്പിച്ചതു് മനുഷ്യർ വേർതിരിക്കരുതു്.

അവർ അവനോട്ടു് ചോദിച്ചു: അങ്ങനെയെങ്കിൽ ഞങ്ങൾ ഉപേക്ഷച്ചീട്ടു കൊടുത്തു് അവളെ പിരിച്ചുവിടുവാൻ മൂശ കല്പിച്ചതെന്തുകൊണ്ടു്? അവൻ അവരോടരുളിച്ചെയ്തു: മൂശ നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം ഭാര്യമാരെ പിരിച്ചുവിടുവാൻ നിങ്ങൾക്കനുവദിച്ചു. എന്നാൽ ആദ്യം മുതൽ അങ്ങനെ ആയിരുന്നില്ല. ഞാൻ നിങ്ങളോടു പറയുന്നു: വ്യഭിചാരം നിമിത്തമല്ലാതെ തൻെറ ഭാര്യയെ ഉപേക്ഷിക്കുന്നവനും മറ്റൊരുത്തിയെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.

അവൻെറ ശിഷ്യന്മാർ അവനോടു പറഞ്ഞു: ഭർത്താവും ഭാര്യയും തമ്മിലുള്ള സ്ഥിതി ഇങ്ങനെ കഠിനമാണെങ്കിൽ വിവാഹം ചെയ്യുന്നതു നല്ലതല്ലല്ലോ.

അവൻ അവരോടരുളിച്ചെയ്തു: വരം ലഭിച്ചവനല്ലാതെ എല്ലാവരും ഈ കാര്യത്തിനു ശക്തരല്ല.

(വി. മർക്കോസിൻെറ സുവിശേഷം 10–ാം അദ്ധ്യായം 2 മുതൽ 12 വരെ വാക്യങ്ങൾ)

"പ്രീശർ അടുത്തുവന്ന് അവനെ പരീക്ഷിച്ചുകൊണ്ട്: പുരുഷനു തൻെറ ഭാര്യയെ ഉപേക്ഷിക്കുവാൻ പാടുണ്ടോ എന്നു ചോദിച്ചു. അവൻ അവരോടു ചോദിച്ചു: മൂശ നിങ്ങളോട് എന്തു കല്പിച്ചിരിക്കുന്നു? അവർ പറഞ്ഞു: ഉപേക്ഷാച്ചീട്ട് എഴുതിപിരിച്ചുവിടുവാൻ മൂശ ഞങ്ങൾക്കു സമ്മതം നല്കിയിട്ടുണ്ട്: ഈശോ ഉത്തരമായി അരുളിച്ചെയ്തു: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം അവൻ ഈ കല്പന എഴുതി. ആദിയിൽ ദൈവം അവരെ ആണും പെണ്ണുമായി ഉണ്ടാക്കി. അതിനാൽ, പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു തൻെറ ഭാര്യയോടു ചേർന്നിരിക്കും. ഇരുവരും ഒരു ജഡമായിത്തീരും. പിന്നെ അവർ ഒരു ജഡമല്ലാതെ രണ്ടല്ല. അതുകൊണ്ട് ദൈവം യോജിപ്പിച്ചതു മനുഷ്യർ വേർതിരിക്കരുത്". വീട്ടിൽവച്ചു ശിഷ്യർ വീണ്ടും ഇതിനെപ്പററി അവനോടു ചോദിച്ചു. അവൻ അരുളിച്ചെയ്തു: തൻെറ ഭാര്യയെ ഉപേക്ഷിച്ചു വേറൊരുത്തിയെ പരിഗ്രഹിക്കുന്ന ഏവനും വ്യഭിചാരം ചെയ്യുന്നു. ഭാര്യ തൻെറ ഭർത്താവിനെ ഉപേക്ഷിച്ചു വേറൊരുത്തനു ഭാര്യയായിത്തീർന്നാൽ അവളും വ്യഭിചാരം ചെയ്യുന്നു.

(കൊറിന്ത്യാക്കാർക്ക് വി. പൗലോസ് എഴുതിയ ഒന്നാം ലേഖനം അദ്ധ്യായം 7 – വാക്യങ്ങൾ 2 മുതൽ 40 വരെ)

എങ്കിലും വേശ്യാദോഷം (ഭയം) നിമിത്തം ഒരോരുത്തനും സ്വന്ത ഭാര്യയെ വച്ചുകൊള്ളട്ടെ. ഭാര്യ തന്റെ ഭർത്താവിനേയും വച്ചുകൊള്ളട്ടെ. ഭർത്താവു തന്റെ ഭാര്യയ്ക്കു കടപ്പെട്ടിരിക്കുന്ന കടമ നിർവ്വഹിക്കട്ടെ. അങ്ങനെതന്നെ ഭാര്യയും ഭർത്താവിനു (നിർവഹിക്കട്ടെ). ഭാര്യയുടെ ശരീരത്തിന്മേൽ അവളുടെ ഭർത്താവിനല്ലാതെ അവൾക്ക് അധികാരമില്ല. അങ്ങനെ തന്നെ ഭർത്താവിന്റെ ശരീരത്തിന്മേൽ ഭാര്യയ്ക്കല്ലാതെ അവനും അധികാരമില്ല. ആകയാൽ ഉപവാസത്തിലോ പ്രാർത്ഥനയിലോ ഉൾപ്പെട്ടിരിക്കുവാനായി തല്ക്കാലത്തേക്ക് ഇരുവരും സമ്മതിയ്ക്കുന്ന കാലത്തല്ലാതെ നിങ്ങൾ തമ്മിൽ വേർപിരിയരുതു്. എന്നാൽ, നിങ്ങളുടെ ശരീരങ്ങളുടെ മോഹം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കുവാൻ അതേ കാര്യത്തിലേക്കുതന്നെ നിങ്ങൾ വീണ്ടും പിന്തിരിഞ്ഞുകൊള്ളുവിൻ. ഇതു ഞാൻ ബലഹീനന്മാരോടു് എന്നപോലെ പറയുന്നതാകുന്നു; കല്പനയായിട്ടല്ല. എന്തെന്നാൽ, സകലമനുഷ്യരും ശുദ്ധതയിൽ എന്നേപ്പോലെ ആയിരിക്കണമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്. എങ്കിലും ഒരു വിധത്തിലുള്ളതായിട്ടും മറ്റൊരുവിധത്തിലുള്ളതായിട്ടും ഒരോരുത്തനും ദൈവത്തിൽനിന്നു ദാനം നല്കപ്പെട്ടിട്ടുണ്ടു്. ഭാര്യമാരില്ലാത്തവരോടും വിധവക

ളോടും ഞാൻ പറയുന്നു: അവർ എന്നെപ്പോലെ ഇരിക്കുന്നതു് അവൎക്കു നല്ലതാകുന്നു. അവർ തങ്ങളെത്തന്നെ നിയന്ത്രിക്കുന്നില്ലെങ്കിൽ വിവാഹം ചെയ്യട്ടെ. കാമത്താൽ എരിയുന്നതിനേക്കാൾ നല്ലതു് ഭാര്യയെ സ്വീകരിക്കുന്നതാകുന്നു. ഭാര്യമാരുള്ളവരോട്ട് ഞാൻ—ഞാനല്ല, എൻെറ കൎത്താവുതന്നെ—കല്പിക്കുന്നു: ഭാര്യ ഭൎത്താവിൽനിന്നു വേർപിരിയരുതു്. അവൾ വേർപിരിയുന്നെങ്കിൽ പുരുഷനെ കൂടാതെ പാൎക്കുകയോ സ്വന്തഭൎത്താവിനോടു രമ്യപ്പെടുകയോ ചെയ്യണം. പുരുഷനും തൻെറ ഭാര്യയെ ഉപേക്ഷിക്കരുതു്. ശേഷമുള്ളവരോട്ട് എൻെറ കൎത്താവല്ല ഞാൻതന്നെ പറയുന്നു: അവിശ്വാസിനിയായ ഭാര്യയുള്ള ഒരു സഹോദരൻ ഉണ്ടായിരിക്കയും അവൾ അവനോടുകൂടി പാൎപ്പാൻ ഇഛരിക്കുകയും ചെയ്യുന്നു എങ്കിൽ അവളെ ഉപേക്ഷിക്കരുതു്. അവിശ്വാസിയായ ഭൎത്താവുള്ള സ്ത്രീയും അവൻ അവളോടുകൂടി പാൎപ്പാൻ ഇഛരിക്കുന്നുവെങ്കിൽ തൻെറ ഭൎത്താവിനെ ഉപേക്ഷിക്കരുതു്. എന്തുകൊണ്ടെന്നാൽ അവിശ്വാസിയായ ഭൎത്താവു് വിശ്വാസിനിയായ ഭാര്യമൂലം ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. അവിശ്വാസിനിയായ ഭാര്യ വിശ്വാസിയായ ഭൎത്താവുമൂലം ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. *

അല്ലാത്തപക്ഷം അവരുടെ മക്കൾ അശുദ്ധരാകുമായിരുന്നു. ഇപ്പോഴാകട്ടെ അവർ ശുദ്ധരായിത്തന്നെ

* സന്മാതൃക, പ്രാൎത്ഥന മുതലായവകൊണ്ട് അവരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുവാൻ സാധിക്കും എന്നാണു സൂചന.

യിരിക്കുന്നു. അവിശ്വാസി വേർപിരിയുന്നെങ്കിൽ വേർപിരിഞ്ഞുകൊള്ളട്ടെ. * സഹോദരനോ സഹോദരിയോ ഇവയിൽ അടിമയാക്കപ്പെടുന്നില്ല. സമാധാനത്തിലേക്കാകുന്നു ദൈവം നമ്മെവിളിച്ചിരിക്കുന്നതു്. ഹേ സ്ത്രീ, നിന്റെ ഭർത്താവിനെ നീ രക്ഷിയ്ക്കുമോ എന്നു് നീ എങ്ങനെ അറിയുന്നു? അല്ലെങ്കിൽ ഹേ പുരുഷാ, നിന്റെ ഭാര്യയെ നീ രക്ഷിയ്ക്കുമോ എന്നു നീ അറിയുന്നുവോ? ......... നീ ഭാര്യയോടു ബന്ധിക്കപ്പെട്ടിരിക്കുന്നുവോ? മോചനം അന്വേഷിക്കേണ്ട. നീ ഭാര്യയിൽ നിന്നു മോചിക്കപ്പെട്ടവനാകുന്നുവോ? ഭാര്യയെ അന്വേഷിക്കേണ്ട. നീ ഭാര്യയെ സ്വീകരിക്കുന്നെങ്കിൽ നീ അപരാധം ചെയ്യുന്നില്ല, കന്യക ഒരു പുരുഷനു ഭാര്യയാകുന്നെങ്കിൽ അവളും അപരാധം ചെയ്യുന്നില്ല. ........ എന്റെ സഹോദരന്മാരേ, സമയം ചുരുങ്ങിയിരിക്കുന്നുവെന്നും ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും ...... ആയിരിക്കണം എന്നു ഞാൻ പറയുന്നു. ...... തക്കസമയം കടന്നിട്ടും പുരുഷനു വിവാഹം ചെയ്തുകൊടുക്കാനുള്ള തന്റെ കന്യകമൂലം താൻ ആക്ഷേപിക്കപ്പെടുന്നു എന്നും അവളെ വിവാഹം ചെയ്തുകൊടുക്കേണ്ടതു് ആവശ്യമെന്നും ഒരു മനുഷ്യൻ വിചാരിക്കുന്നെങ്കിൽ താൻ ഇച്ഛിക്കുന്നതുപോലെ ചെയ്തുകൊള്ളട്ടെ. അവൻ തെറ്റുചെയ്യുന്നില്ല. അവർ

---

* "പൗലോസിന്റെ വിശിഷ്ടവരം"

(Pauline Privilage)

വിവാഹം ചെയ്യപ്പെടട്ടെ. തന്റെ മനസ്സിൽ ഉറപ്പായിട്ടു തീരുമാനിക്കയും (യാതൊരു) കാര്യം അവനെ നിഷ്ക്കർഷിക്കാതിരിക്കുകയും തന്റെ മനസ്സിന്മേൽ അധികാരമുള്ളവനായിരിക്കുകയും തന്റെ കന്യകയെ കാത്തുകൊള്ളാമെന്നിങ്ങനെ തീരുമാനിക്കുകയും ചെയ്യുന്നവൻ ശരിയായി പ്രവൎത്തിക്കുന്നു. ആകയാൽ തന്റെ കന്യകയെ വിവാഹം കഴിപ്പിച്ചുകൊടുക്കുന്നവൻ ശരിയായി പ്രവൎത്തിക്കുന്നു. തന്റെ കന്യകയെ വിവാഹം കഴിപ്പിച്ചുകൊടുക്കാത്തവനോ അധികം ശരിയായി പ്രവൎത്തിക്കുന്നു. ഭാൎയ്യ ഭൎത്താവു ജീവനോടിരിക്കുന്നകാലത്തോളം കെട്ടപ്പെട്ടവളാകുന്നു. എന്നാൽ ഭൎത്താവു് ഉറങ്ങിയെങ്കിൽ (മരിച്ചെങ്കിൽ)താൻഇച്ഛിക്കുന്നവനു് നമ്മുടെ കൎത്താവിൽ മാത്രം ഭാൎയ്യയാകുവാൻ അവൾ സ്വതന്ത്രയാകുന്നു. എന്റെ അഭിപ്രായപ്രകാരം, അപ്രകാരംതന്നെ അവൾ പാൎത്തുകൊണ്ടാൽ അവൾക്കു ഭാഗ്യം.........”

(വി. പൗലോസ് അപ്പസ്തോലൻ എഫേസ്യക്കാൎക്കെഴുതിയ ലേഖനം അദ്ധ്യായം 5: 22 മുതൽ 33 വരെ വാക്യങ്ങൾ)

ഭാൎയ്യമാരേ, നിങ്ങൾ നമ്മുടെ കൎത്താവിനു് എന്നപോലെ നിങ്ങളുടെ ഭൎത്താക്കന്മാൎക്കു് കീഴടങ്ങിയിരിക്കുവിൻ. എന്തെന്നാൽ, മിശിഹാതന്നെയും സഭയുടെ തലയും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെ ഭൎത്താവു ഭാൎയ്യയുടെ തലയാകുന്നു. ആ സ്ഥിതിക്കു് സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്ന

തുപോലെതന്നെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാക്കു് സകലത്തിലും (കീഴ്പ്പെട്ടിരിക്കണം) ഭർത്താക്കന്മാരേ, മിശിഹാതന്നെയും തൻെറ സഭയെ സ്നേഹിക്കുകയും ജലത്താലുള്ള മാമ്മോദീസാകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും അവളിൽ കറയോ മുഖച്ചുളിവോ ഇവയ്ക്കുതുല്യമായ എന്തെങ്കിലുമോ ഇല്ലാതെ, എന്നല്ല, മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിനു തനിക്കായിട്ടുതന്നെ മഹത്വമുള്ളവളായി സഭയെ നിറുത്തുവാനും വേണ്ടി അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ഭർത്താക്കന്മാർ തങ്ങളുടെ ശരീരങ്ങളെപ്പോലെതന്നെ ഭാര്യമാരേയും സ്നേഹിക്കേണ്ടതാകുന്നു. തൻെറ ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാകുന്നു സ്നേഹിക്കുന്നതു്. ആരും സ്വന്തശരീരത്തെ ഒരിക്കലും ദ്വേഷിക്കുന്നില്ലല്ലോ. മറിച്ചു്, മിശിഹാ സഭയെ എന്നപോലെ അവൻ അതിനെ പോററുകയും അതിൻെറ കാര്യത്തിൽ ശ്രദ്ധിക്കുകയുമാണുചെയ്യുന്നതു്. എന്തെന്നാൽ, നാം അവൻെറ ശരീരത്തിൻെറ അവയവങ്ങളാകുന്നു. അവൻെറ മാംസത്തിൽനിന്നും അവൻെറ അസ്ഥികളിൽനിന്നുമുള്ളവരാകുന്നു. ഇതിനാൽ, പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു തൻെറ ഭാര്യയോടുചേരും. അവർ ഇരുവരും ഒരു ജഡം ആവുകയും ചെയ്യും. ഈ രഹസ്യം വലുതാകുന്നു. ഞാൻ മിശിഹായെക്കുറിച്ചും അവൻെറ സഭയെക്കുറിച്ചു

മാകുന്നുപറയുന്നതു്. എന്നിരിക്കെ നിങ്ങളും — നിങ്ങളിൽ ഓരോരുത്തനും — തന്നെപ്പോലെതന്നെ തന്റെ ഭാര്യയേയും സ്നേഹിക്കണം. ഭാര്യ തന്റെ ഭർത്താവിനെ ഭയപ്പെടണം.

(വി. പത്രോസ്സ്ലീഹായുടെ ഒന്നാം ലേഖനം. അദ്ധ്യായം 3 – 1 മുതൽ 7 വരെ വാക്യങ്ങൾ)

സ്ത്രീകളേ, ഇങ്ങനെതന്നെ നിങ്ങളും, വചനത്തിനു സമ്മതിക്കാത്ത ഭർത്താക്കളെ, നിങ്ങൾ ഭയത്തോടും വിനയത്തോടുംകൂടി വ്യാപരിക്കുന്നതു് അവർ കണ്ടിട്ടു് നിങ്ങളുടെ നല്ല നടപടികൾകൊണ്ടു പ്രയാസമില്ലാതെ നേടേണ്ടതിനായി അവർക്കു കീഴ്പ്പെട്ടിരിക്കുവിൻ. നിങ്ങളുടെ തലമുടികളുടെ പിന്നലുകളുടെയോ, വിശേഷവസ്ത്രങ്ങളുടെയോ പുറമേയുള്ള മോടികൊണ്ടു് നിങ്ങളെത്തന്നെ അലങ്കരിക്കരുതു്. ദൈവത്തിന്റെ സന്നിധിയിൽ വിശിഷ്ടമായ അലങ്കാരമായിരിക്കുന്ന ക്ഷയമില്ലാത്ത വിനയാത്മാവുകൊണ്ടു ഹൃദയമെന്നും മറഞ്ഞിരിക്കുന്ന മനുഷ്യനിൽ നിങ്ങൾ അലങ്കരിക്കപ്പെടുവിൻ. ഇപ്രകാരം മുമ്പു മുതൽതന്നെ ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധ സ്ത്രീകൾ നിങ്ങൾയാതൊരുപേടികൊണ്ടും ഇളകാതെ സൽപ്രവൃത്തികൾമൂലം ആർക്കു പുത്രിമാരായിരിക്കുന്നുവോ ആ സാറാ, അബ്രാഹത്തിനു കീഴ്പ്പെടുകയും എന്റെ നാഥാ എന്നു് അവനെ വിളിക്കുകയും ചെയ്തുപോലെ തങ്ങളെത്തന്നെ അലങ്കരിക്കയും സ്വഭർത്താക്കന്മാർക്കു കീഴ്പ്പെടുകയും ചെയ്തി

രുന്നു. പുരുഷന്മാരേ, ഇപ്രകാരംതന്നെ നിങ്ങളും പ്രാൎത്ഥനകളിൽ ഇടറാതിരിക്കേണ്ടതിന്നു് നിങ്ങളുടെ ഭാൎയ്യമാരോടുകൂടി വിവേകപൂർവം വസിക്കുവിൻ. അവരും നിങ്ങളോടുകൂടി നിത്യായുസ്സിൻെറ ദാനം അവകാശപ്പെടുത്തുന്നതുകൊണ്ടു് ബലമില്ലാത്ത പാത്രങ്ങളെന്നമട്ടിൽ അവരെ ബഹുമാനത്തോടുകൂടി കരുതുകയും ചെയ്യുവിൻ.

## അദ്ധ്യായം നാലു്.

### വിവാഹത്തിനുള്ള ഒരുക്കം

**ഒരുക്കം ആവശ്യമോ?**

1. വേണ്ട ഒരുക്കത്തോടുകൂടി വേണമല്ലോ കൂദാശകൾ സ്വീകരിക്കേണ്ടതു്. കാരണം, കൂദാശയുടെ അനുഗ്രഹങ്ങളും ഫലങ്ങളും ലഭിക്കുന്നതു് സ്വീകരിക്കുന്നവരുടെ ഒരുക്കത്തിനനുസരിച്ചുകൂടിയാണു്. വിവാഹം ഒരു കൂദാശയാണെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു് വിവാഹത്തിൻെറ ഫലമായി ലഭിക്കേണ്ട ദൈവാനുഗ്രഹങ്ങൾ ധാരാളമായി സിദ്ധിക്കേണ്ടതിന്നു് ഒരുക്കം അത്യാവശ്യമാണെന്നു് സ്പഷ്ടമാകുന്നു.

2 മരണം വരെ നീണ്ടുനില്ക്കേണ്ട ഒരു ജീവിതാവസ്ഥയിലേക്കുള്ള കാൽവെയ്പ്പാണു് വിവാഹം. ഒരു

വൻെറ ഇഹത്തിലേ ജീവിതവിജയത്തേയും പരത്തിലേ നിത്യസൗഭാഗ്യത്തേയും കാര്യമായിസ്പർശിക്കുന്ന ഒന്നാണു് വിവാഹം. ജീവിതത്തിൽ ഇത്രയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യത്തിനു് നന്നായി ഒരുങ്ങണമെന്നുള്ളതു് വെറും ന്യായം മാത്രമാണല്ലോ.

3. വിവാഹം കഴിക്കുന്നവർ "മാതാപിതാക്കന്മാരാകുക" എന്ന ക്ലേശകരവും ഉത്തരവാദിത്വപൂർണ്ണവുമായ ഉദ്യോഗമാണു് കയ്യേല്ക്കുന്നതു്. ശ്രമസാധ്യവും ഗുരുതരവുമായ ഉദ്യോഗം ഭരമേല്ക്കുന്നവർ ആ ജോലിക്കു തങ്ങളെത്തന്നെ പ്രാപ്തരാക്കുവാൻ ബാദ്ധ്യസ്ഥരാണല്ലോ. അതിനാൽ നന്നായി ഒരുങ്ങി സ്വീകരിക്കേണ്ട ഒന്നാണു് വിവാഹം എന്നു സിദ്ധിക്കുന്നു.

"യാതൊരു ഒരുക്കവും പരിശീലനവും കൂടാതെ പെട്ടെന്നു് ഒരു എൻജിനീയറോ, ഡോക്ടറോ വക്കീലോ ആയിത്തീരുവാൻ ആരും തന്നെ മുതിരുകയില്ല. എന്നാൽ തങ്ങളുടെ മക്കളെ നന്നായി വളർത്തുകയെന്ന പ്രയാസമേറിയ ജോലിക്കു് സ്വയം തയ്യാറാകുന്നതിനേപ്പററി യാതൊരു ചിന്തയും കൂടാതെ വിവാഹബന്ധത്തിൽ ഏർപ്പെടുന്ന" യുവതീയുവാക്കന്മാർ ധാരാളമില്ലയോ? അവരെപ്പററി എന്തു പറയാനാണു്? തങ്ങൾക്കു ജനിക്കുവാനിരിക്കുന്ന സന്താനങ്ങളുടേയും സന്താനപരമ്പരയുടേയും ജീവിതവിജയവും നിത്യസൗഭാഗ്യവുംപോലും ഈ അശ്രദ്ധകാരണം തങ്ങൾ

അപകടത്തിലാക്കുകയാണെന്ന് ഈ യുവതീയുവാക്ക ന്മാർ അനുസ്മരിച്ചിരുന്നെങ്കിൽ!!

## എങ്ങനെ ഒരുങ്ങണം?

വിവാഹം സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തെ അകന്നതു്, അടുത്തതു്, ഏററം അടുത്തതു് എന്നിങ്ങ നെ വിഭജിക്കാം.

### 1. അകന്ന ഒരുക്കം.

a) വിവാഹ ജീവിതത്തിനാണോ തങ്ങളെ ദൈവം വിളിക്കുന്നതെന്ന് ഒന്നാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള മാർഗ്ഗങ്ങളുപയോഗിച്ച് നിശ്ചയം വരുത്തുക.

b) വിവാഹമെന്നാൽ എന്താണെന്നും അതു സ്വീ കരിക്കുന്നവർ സ്വയം ഏറെറടുക്കുന്ന ചുമതലകൾ ഏവയെന്നും മററും ശരിയായി പഠിക്കുക. ഈ വിഷയത്തെപ്പററിയുള്ള തിരുസഭയുടേയും ക്രിസ്തു നാഥൻെറയും പ്രബോധനങ്ങൾ ഗ്രഹിക്കുവാനാണു് പ്രധാനമായി കത്തോലിക്കാ യുവജനങ്ങൾ ശ്രമിക്കേ ണ്ടതു്: അതിനായി വിവാഹത്തെപ്പററി പ്രതിപാ ദിക്കുന്ന കത്തോലിക്കാ ഗ്രന്ഥങ്ങളെയാണു് അവർ ആശ്രയിക്കേണ്ടതു്. അകത്തോലിക്കരോ, അക്രൈ സ്തവരോ, നിരീശ്വരന്മാരോ, ഭൗതികവാദികളോ ഒക്കെ ഈ വിഷയത്തെപ്പററി എഴുതിയിട്ടുള്ള ഗ്രന്ഥ ങ്ങൾ പലപ്പോഴും അപകടകാരികളും അബദ്ധപൂ

ങ്ങളും ആയിരിക്കും. തന്മൂലം അത്തരം ഗ്രന്ഥങ്ങൾ ആത്മീയനിയന്താവിൻെറ അംഗീകാരത്തോടുകൂടി മാത്രമേ വായിക്കാവൂ.

c) ദൈവം തങ്ങൾക്കായി നിശ്ചയിച്ച തന്നിട്ടുള്ള വിവാഹജീവിതത്തിൽ വേണ്ട ഒരുക്കത്തോടുകൂടി പ്രവേശിക്കുവാനും വിജയം കൈവരിക്കുവാനുമുള്ള വിശേഷാനുഗ്രഹങ്ങൾ ലഭിക്കുവാനായി എല്ലാദിവസവും – പ്രത്യേകിച്ച് വി. കുർബ്ബാനകൈക്കൊണ്ടുകഴിഞ്ഞും – യുവജനങ്ങൾ പ്രാർത്ഥിക്കേണ്ടതാണു്.

d) യഥാർത്ഥമായ ക്രൈസ്തവജീവിതം നയിക്കുവാൻ പ്രാപ്തനാകുന്നതിനു് ആവശ്യകമായ സുകൃതങ്ങൾ അഭ്യസിക്കുകയും സുശീലങ്ങൾ സമ്പാദിക്കുകയും ചെയ്തുകൊണ്ടു് തങ്ങളുടെ കുടുംബജീവിതത്തിനു് അടിത്തറ പണിയുവാൻ യുവജനങ്ങൾ ഉത്സാഹിക്കണം. ബാല്യം മുതലേ ദൈവപ്രമാണങ്ങൾ നിഷ്കൃഷ്ടമായി അനുസരിച്ചും ദുരാശകളെ നിയന്ത്രിച്ചും മനഃസാക്ഷിയുടെ പ്രചോദനമനുസരിച്ചുമാത്രം ജീവിച്ചും സൽസ്വഭാവവും ദൃഢമനസ്കതയും സമ്പാദിക്കുവാൻ അക്ഷീണയത്നം ചെയ്യുക.

e) തങ്ങൾക്കില്ലാത്തതു് മററുള്ളവർക്കു കൊടുക്കുവാൻ ആർക്കും സാധിക്കുകയില്ലല്ലോ. അതുകൊണ്ടു് മക്കളെ നല്ലവരായി വളർത്തേണ്ടവർ സ്വയം നന്നാകേണ്ടിയിരിക്കുന്നു. മക്കൾക്കു പ്രദാനം ചെയ്യേണ്ട ആരോഗ്യം വിജ്ഞാനം ജീവിതനൈർമ്മല്യം ഇവ

E. Ekim em-8



യെല്ലാം തങ്ങൾക്കുതന്നെ ഉണ്ടായിരിക്കുവാൻ ഭാവി മാതാപിതാക്കന്മാർ ശ്രമിക്കേണ്ടതാകുന്നു.

## 1. ആരോഗ്യം.

രോഗികളായ മാതാപിതാക്കന്മാരിൽനിന്നു ജനിക്കുന്ന സന്താനങ്ങൾ പ്രായേണ രോഗികളായിരിക്കുക സാധാരണമാണല്ലോ. തന്മൂലം വിവാഹിതരാകുവാൻ ഉദ്ദേശിക്കുന്നവർ അരോഗദൃഢഗാത്രരായിത്തീരുവാൻ ഉത്സാഹിക്കേണ്ടതാണു്.

## 2. വിജ്ഞാനം

കുഞ്ഞുങ്ങൾക്കു മാതാപിതാക്കന്മാരിൽനിന്നും അവശ്യം ലഭിക്കേണ്ട അറിവുകൾ അവക്കു നല്കുവാൻ പ്രാപ്തിയുള്ളവരായിരിക്കണം ഭാവിമാതാപിതാക്കന്മാർ. മതപഠനത്തിൽ സന്താനങ്ങൾക്കു ശിക്ഷണം നല്കുവാൻ കഴിവുള്ളവരാകത്തക്കവണ്ണം അവർ മതകാര്യങ്ങളിൽ അറിവുള്ളവരായിരിക്കണം. കൂടാതെ, കുഞ്ഞുങ്ങളുടെ കായികവും, മാനസികവും, സാന്മാർഗ്ഗികവും, മതപരവുമായ വളർച്ചയ്ക്കു ചെയ്യേണ്ട കാര്യങ്ങളിൽ സാമാന്യമായ ജ്ഞാനം സമ്പാദിക്കുവാൻ യുവജനങ്ങൾ ബാദ്ധ്യസ്ഥരാണു്.

## 3. ഉപജീവന മാർഗ്ഗം.

തങ്ങൾ കരുപ്പിടിപ്പിക്കുവാൻ പോകുന്ന കുടുംബത്തിന്റെ സംരക്ഷണത്തിനു് അത്യാവശ്യമായ

ഒന്നാണു് ഉപജീവനമാർഗ്ഗം ഉണ്ടായിരിക്കുക എന്നതു്. ഈ കാര്യം വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ ഉദ്ദേശിക്കുന്ന ഓരോ യുവാവും യുവതിയും മനസ്സിലാക്കിയിരിക്കേണ്ടതാണു്. കുടുംബസംരക്ഷണത്തിനാവശ്യമായ ധനം സമ്പാദിക്കുവാൻ ഭർത്താവിനു ചുമതലയുണ്ടു്. ധനസമ്പാദനത്തിൽ ഭർത്താവിനോടു് സഹകരിക്കുകയും, ലഭിക്കുന്ന ധനം മിതമായി ചെലവുചെയ്തു് കുടുംബത്തിന്റെ ക്ഷേമം പുലർത്തുകയും ചെയ്യുവാനുള്ള കഴിവു് ഭാര്യയ്ക്കുമുണ്ടായിരിക്കണം.

തങ്ങളുടെ കുടുംബത്തിന്റെ സ്ഥിതിക്കനുസരണമായ ഓരോ ജോലികൾ ചെയ്തു പരിശീലിക്കുവാൻ ചെറുപ്പം മുതലേ ആൺകുട്ടികൾ തയാറാവണം. ജോലിചെയ്യുന്നതു് അഭിമാനത്തിനു ചേർന്നതല്ലെന്നുള്ള തെററായധാരണ ഇന്നു പലർക്കും—പ്രത്യേകിച്ചു് അഭ്യസ്ഥവിദ്യർക്കും—ഉണ്ടു്. ആ തെററിദ്ധാരണ നമ്മുടെ രാജ്യത്തിന്റെ ശാപമായിത്തീർന്നിരിക്കുകയാണു്; കുടുംബജീവിതക്കാരിൽ പലരുടേയും പരാജയകാരണവും. ദൈവപുത്രനു് ആശാരിപ്പണിചെയ്തു ഉപജീവനം നേടാമെങ്കിൽ നാമെന്തിനു ജോലിചെയ്യുവാൻ മടിക്കണം?

പൈതൃകമായോ സ്വന്തപ്രയത്നംകൊണ്ടോ ലഭിക്കുന്ന ധനം അനാവശ്യചെലവുകൾക്കായി ധൂർത്തടിച്ചു് നഷ്ടപ്പെടുത്താതിരിക്കുവാനും വരവിൽ കൂടുതൽ ചെലവുചെയ്യുന്ന ആത്മഹത്യാപരമായ ദുശീലം സമ്പാദിക്കാതിരിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കേണ്ടതാണു്.

ചെറുപ്പംമുതലേ, പെൺകുട്ടികളും ഓരോരോ ജോലികൾ പരിശീലിക്കണം. കുടുംബനായികമാരെന്ന നിലയിൽ കുടുംബത്തിലേ കാര്യങ്ങളെല്ലാം ക്രമീകരിക്കാനും നിയന്ത്രിക്കാനുമുള്ള കഴിവ് അവക്കാവശ്യമാണ്. ഗൃഹഭരണത്തിൽ ഗൃഹനായികക്കുള്ള പാടവം, കുടുംബത്തിൻെറ ഐശ്വര്യത്തിനും സൗഭാഗ്യത്തിനും വളരെയധികം ഉപകരിക്കുമെന്നവർ ഓർത്തിരിക്കണം. എല്ലാ പെൺകുട്ടികളും അവശ്യം പഠിച്ചിരിക്കേണ്ട ഒന്നാണ് പാചകവിദ്യ. രുചികരവും ആരോഗ്യത്തിന് ഉപകരിക്കുന്നതുമായ ഭക്ഷണം പാകപ്പെടുത്തുവാൻ പരിശീലിച്ചിട്ടില്ലാത്ത കുടുംബനായിക – സാമ്പത്തികമായി അവൾ എത്ര ഉന്നതമായ നിലയിലുള്ളവളാണെങ്കിലും ശരി – ഒരു പരാജയമാകാനെ തരമുള്ളു.

കുടുംബബഡ്ജററ് ക്രമീകരിക്കുന്ന (വരവനുസരിച്ചു ചെലവുചെയ്യുന്ന) തിലുള്ള വൈദഗദ്ധ്യം എല്ലാ കുടുംബനായികമാക്കും ഉണ്ടായിരിക്കണം. അനാവശ്യമായി പണം ധൂർത്തടിച്ച് ചെലവു ചെയ്യുന്ന, ആഡംബരങ്ങൾക്കും വസ്ത്രാഭരണങ്ങൾക്കും പണം ധൂർത്തടിക്കുന്ന സ്ത്രീ കുടുംബത്തിൻെറ സൗഭാഗ്യത്തെ നശിപ്പിക്കുന്നവളാണ്. അതിനാൽ മിതവ്യയം ബാല്യംമുതലേ പെൺകുട്ടികൾ അഭ്യസിക്കണം.

ചുരുക്കത്തിൽ കുടുംബഭരണം ആഹാരഘടന, (ഭക്ഷ്യവിഭവങ്ങളിലടങ്ങിയിരിക്കുന്ന പോഷകാംശങ്ങൾ, അവ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന ഫ

ണങ്ങൾ, അവയുടെ അഭാവത്തിലുണ്ടാകുന്ന രോഗങ്ങൾ, അവയ്ക്കുള്ള പ്രതിവിധികൾ മുതലായവ) പാചകവിധി, ശരീരഘടന, ശിശുപരിചരണം, രോഗശുശ്രൂഷ, അലക്ക്, നെയ്ത്ത്, തയ്യൽ, കാലിവളർത്തൽ, കോഴിവളർത്തൽ, പച്ചക്കറി മുതലായ ഫലമൂലാദികളുടെകൃഷി, കണക്കെഴുത്ത് തുടങ്ങിയവയിലെല്ലാം സാമാന്യമായ ഒരു ജ്ഞാനമെങ്കിലും വിവാഹിതയാകുവാനുദ്ദേശിക്കുന്ന സ്ത്രീ സമ്പാദിച്ചിരിക്കേണ്ടതാണ്.

## ജീവിത നൈർമ്മല്ല്യം.

"വിവാഹത്തിനു മുമ്പ് എല്ലാക്കാര്യങ്ങളിലും സ്വാർത്ഥതമാത്രം അന്വേഷിച്ചിരുന്നവരും, തങ്ങളുടെ അശുദ്ധമായ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി അവയ്ക്ക് അടിമകളായി വർത്തിച്ചിരുന്നവരും വിവാഹത്തിനുശേഷവും അപ്രകാരം മാത്രമേ ആയിരിക്കയുള്ളു. വിതച്ചത് അവർ കൊയ്യും. ദാമ്പത്യ ജീവിതത്തിൽ ദു:ഖവും സങ്കടവും അന്യോന്യം വെറുപ്പും വിദ്വേഷവും അകൽച്ചയും ഒരുമിച്ചുള്ള ജീവിതത്തിൽ മട്ടുപ്പും അവർക്കുണ്ടാകും."(11 –ാംപീയൂസ്) വിവാഹത്തിനുശേഷം ദൈവേഷ്ടപ്രകാരം ഉപയോഗിക്കപ്പെടേണ്ട കഴിവുകളെ കാലേക്കൂട്ടി എടുത്തു പ്രയോഗിക്കുന്ന യുവതീയുവാക്കന്മാർക്കുണ്ടാകാവുന്ന വിപത്തുകളാണ് മേൽ സൂചിപ്പിച്ചിരിക്കുന്നതു്. ഈ നിർഭാഗ്യം സംഭവിക്കാതെയിരിക്കുവാൻ ജീവിത നൈർമ്മല്ല്യം അഭംഗം

പാലിക്കുവാനും പരിശുദ്ധരായി ജീവിക്കുവാനും യുവതീയുവാക്കന്മാർ ഉത്സുകരായിരിക്കേണ്ടതാണ്.

"പ്രണയം."

വിവാഹത്തിനുശേഷം ദമ്പതികൾ പരസ്പരം സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അതിന് ഉപകരിക്കത്തക്കവണ്ണം പ്രകൃതിനാഥൻ സ്ത്രീപുരുഷന്മാർക്ക് നല്കിയിട്ടുള്ള സ്നേഹവികാരങ്ങളെ അസ്ഥാനത്തും അസമയത്തും എടുത്തു പ്രയോഗിച്ചു "പ്രണയബദ്ധരായി" പരക്കം പാഞ്ഞുനടക്കുന്ന യുവതീ യുവാക്കന്മാർക്കും മേൽപറഞ്ഞ അപകടം പിണയുവാൻ വഴിയുണ്ട്. തന്മൂലമാണ് "പ്രണയവിവാഹങ്ങൾ" പലപ്പോഴും പരാജയത്തിൽ കലാശിച്ചുകാണുന്നതു്. വളരെ ശ്രദ്ധയോടും വിവേകത്തോടും ആത്മസംയമനത്തോടും ആദ്ധ്യാത്മികനിയന്താവിന്റെ അംഗീകാരത്തോടും കൂടി മാത്രമേ ഇക്കാര്യം യുവതീയുവാക്കന്മാർ കൈകാര്യംചെയ്യാവൂ.

## വിവാഹിതരാകുവാൻ അഭിലഷിക്കുന്നവർ സമ്പാദിച്ചിരിക്കേണ്ട ഏതാനും ഗുണങ്ങൾ.

1. സേവനതല്പരത. ദമ്പതികൾ പരസ്പരവും കുഞ്ഞുങ്ങളേയും പരിചരിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ബാദ്ധ്യസ്ഥരാണ്. ഈ കടമ നിർവഹിക്കുന്നതിനുവേണ്ടി ചെറുപ്പം മുതലേ അവർ സേവനതല്പരരായിരിക്കേണ്ടതാണ്.

2. പരിത്യാഗമനോഭാവം. കുടുംബജീവിതം വിജയപ്രദമാകണമെങ്കിൽ, ദമ്പതികൾ സ്വാർത്ഥപരമായ എല്ലാ ചിന്തകളും ഉപേക്ഷിക്കണം. സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ അവഗണിച്ചും കുടുംബത്തിലെ മററ് അംഗങ്ങളുടെ സുഖക്ഷേമാദികൾക്കു വേണ്ടി അശ്രാന്തം പരിശ്രമിക്കുവാൻ അവരിലോരോരുത്തരും തയ്യാറായിരിക്കണം. പരിചരിക്കപ്പെടുവാനല്ല പരിചരിക്കുവാനാണ് കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതെന്ന് ഓരോ യുവാവും യുവതിയും ധരിച്ചിരിക്കണം.

3. സഹനസന്നദ്ധത. ലോകജീവിതം ക്ലേശഭൂയിഷ്ഠമാണ്; കുടുംബജീവിതം പ്രത്യേകിച്ചും. ക്ലേശങ്ങളിലും ബുദ്ധിമുട്ടുകളിലും പരീക്ഷണങ്ങളിലും സമചിത്തത പാലിച്ചുകൊണ്ട് ജീവിക്കുവാൻ ദമ്പതികൾ തയ്യാറായിരിക്കണം.

4. സൗമ്യത. ക്ഷിപ്രകോപികളായ ദമ്പതികളുടെ കുടുംബജീവിതം ദുരിതപൂർണ്ണമായിരിക്കാനേ തരമുള്ളു. അവരുടെ സൗമ്യവും ശാന്തവുമായ പെരുമാററവും വർത്തനവും കുടുംബസമാധാനത്തെ വർദ്ധിപ്പിക്കുകതന്നെ ചെയ്യും.

മേൽ പറഞ്ഞതും മററിതുപോലെയുള്ളതുമായ സൽഗുണങ്ങൾ വിവാഹജീവിതത്തിൽ പ്രവേശിച്ചതിനുശേഷം സമ്പാദിച്ചു കൊള്ളാമെന്ന് വിചാരിക്കുന്നതു് ബുദ്ധിമോശമാണ്. ചെറുപ്പത്തിലേ തന്നെ സ്വായത്തമാക്കേണ്ടവയാണിവയെല്ലാം.

## അടുത്ത ഒരുക്കം.

## പങ്കാളിയുടെ തെരഞ്ഞെടുപ്പ്

വിവാഹജീവിതത്തിൻെറ പങ്കാളിയെ തെരഞ്ഞെടുക്കുകയെന്ന വിഷയത്തിൽ പ്രയോഗിക്കുന്ന സൂക്ഷ്മത, വിവാഹം ശുഭ പര്യവസായിയാക്കുന്നതിനുള്ള അടുത്ത ഒരുക്കത്തിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിവാഹത്തിൻെറ ശുഭാശുഭങ്ങൾ മിക്കവാറും ഇതിനെ ആശ്രയിച്ചു നില്ക്കുന്നു. കക്ഷികളിൽ ഒരാൾ മറെറയാളിനു് ക്രിസ്തീയജീവിതം നയിക്കുന്നതിനു് ഒന്നുകിൽ വലിയ സഹായം, അല്ലെങ്കിൽ വലിയ പ്രതിബന്ധം ആയിത്തീരുന്നു എന്നുള്ളതാണു് ഇതിൻെറ കാരണം. ഒരു പുരയിടമോ, കെട്ടിടമോ, വാഹനമോ മറേറാ വാങ്ങിക്കുന്നതിനുമുൻമ്പു് അവയെ ശരിയായി പരിശോധിക്കാറുണ്ടല്ലോ. എന്നാൽ ജീവിതകാലം മുഴുവൻ ഒരുമിച്ചു കഴിയേണ്ടവരും തങ്ങളുടെ ജീവിതവിജയത്തിനും സൗഭാഗ്യത്തിനും കാരണക്കാരുമായിരിക്കേണ്ടസഹകാരികളെ തെരഞ്ഞെടുക്കുമ്പോൾ അധികം പേരും വേണ്ടത്ര അന്വേഷണം നടത്തുന്നില്ലായെന്നുള്ളതു് പരിതാപകരമാണു്.

### പങ്കാളിയുടെ തെരഞ്ഞെടുപ്പിൽ ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ.

1. പ്രാത്ഥന. വിവാഹത്തിനുശേഷം ദൈ

വപ്രമാണങ്ങളനുസരിച്ച് ഉത്തമ ക്രിസ്തീയജീവിതം നയിക്കുന്നതിനും തങ്ങൾക്കു ജനിക്കുന്ന കുഞ്ഞുങ്ങളെ ശരിയായി വളർത്തുന്നതിനും സഹായിക്കുന്ന ഒരു പങ്കാളിയെ—ദൈവഭയം, നീതിബോധം, സന്മാർഗ്ഗനിഷ്ഠ, കർമ്മകുശലത, സ്വഭാവശുദ്ധി തുടങ്ങിയ കാര്യങ്ങളിൽ തനിക്കു ചേരുന്ന ഒരു പങ്കാളിയെ—നല്കി അനുഗ്രഹിക്കണമേയെന്ന്, വിവാഹജീവിതമാണ് തങ്ങളുടെ ദൈവനിശ്ചിതമായ ജീവിതാവസ്ഥയെന്ന് ഗ്രഹിക്കുന്ന ഓരോ യുവാവും യുവതിയും തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കണം. ഭക്തകൃത്യങ്ങളിലും പ്രാർത്ഥനകളിലും എല്ലാം ഈ നിയോഗമുണ്ടായിരിക്കണം. യുവാക്കന്മാർ തങ്ങളുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പുപിതാവിനേയും, യുവതികൾ പരി. കന്യകാമറിയത്തേയും സ്വീകരിച്ച് അവരുടെ സംരക്ഷണയും സഹായവും അപേക്ഷിക്കണം.

2. പങ്കാളികളുടെ തെരഞ്ഞെടുപ്പിൽ, പരിഗണനാർഹമായ പ്രധാനകാര്യം അവരുടെ ദൈവവിശ്വാസവും മതബോധവും സന്മാർഗ്ഗനിഷ്ഠയുമാണ്.

3. ബാഹ്യമായ ഗുണഗണങ്ങളാൽ മാത്രം വശീകൃതരായി അപകടത്തിൽ ചാടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ദൃഷ്ടിയുടെ പ്രേരണയല്ല ബുദ്ധിയുടെ പ്രബോധനമാണ് ഇവിടെ സ്വീകരിക്കേണ്ടതു്.

4. ശാരീരിക സൗന്ദര്യം, സാമ്പത്തികകഴിവ് വിദ്യാഭ്യാസയോഗ്യത മുതലായവയെക്കാൾ ആരോ

ഗ്യവും കർമ്മകുശലതയും സൽസ്വഭാവവും കാര്യമായി ഗണിക്കണം.

5. ആരോഗ്യം, സൗന്ദര്യം, വിദ്യാഭ്യാസം, ബുദ്ധിശക്തി, കുടുംബസ്ഥിതി, ധനം, പ്രായം തുടങ്ങിയ കാര്യങ്ങളിൽ ദമ്പതികൾ തമ്മിൽ ഏകദേശതുല്യതയെങ്കിലുമുണ്ടായിരിക്കണം.

6. പ്രഥമ ദർശനത്തിൽ അനുഭവപ്പെടുന്ന പ്രണയത്തിന് പങ്കാളിയുടെ തെരഞ്ഞെടുപ്പിൽ കാര്യമായ ഒരു സ്ഥാനം നല്കണമെന്നുള്ള തെററിദ്ധാരണ യുവജനങ്ങളിൽ അങ്കുരിപ്പിക്കുന്നതിന് ഇന്നത്തെ, സിനിമാകളും നോവലുകളും വളരെയധികം കാരണമാകുന്നുണ്ട്. ഈ തെററിദ്ധാരണയുടെ ഫലമായിട്ടാണ് പലയുവജനങ്ങളും വിവാഹത്തിനു മുമ്പ് പ്രണയബദ്ധരായിത്തീരുന്നത്. വികാരഭരിതമായും വിവേകരഹിതമായുമുള്ള ഇത്തരം പ്രവർത്തനരീതി തങ്ങളെ പരാജയത്തിലേക്കു വലിച്ചിഴയ്ക്കുമെന്നു യുവജനങ്ങൾ ഗ്രഹിക്കേണ്ടിയിരിക്കുന്നു.

## 7. മാതാപിതാക്കന്മാരുടെ ഉപദേശവും സഹായവും.

പങ്കാളിയുടെ തെരഞ്ഞെടുപ്പിൽ പൂർണ്ണഉത്തരവാദിത്വം യുവജനങ്ങൾ സ്വയം ഏറെറടുക്കുന്നത് ബുദ്ധിപൂർവകമായിരിക്കുകയില്ല. മാതാപിതാക്കന്മാരുടെ വിവേകപൂർണ്ണമായ ആലോചനയും ഉപദേശവും ഇക്കാര്യത്തിൽ വലിയ അനുഗ്രഹമായിരിക്കും.

പ്രകൃത്യാ വികാരങ്ങളാൽ നയിക്കപ്പെടുന്നവരാണല്ലോ യുവജനങ്ങൾ. തന്മൂലം വളരെയധികം ശ്രദ്ധ ആവശ്യകമായ ഇക്കാര്യത്തിൽ യുവജനങ്ങൾക്ക് അനവധാനതമൂലം തെററുപററിപ്പോകുവാൻ ഇടയുണ്ട്. ബുദ്ധിയുടെ പ്രബോധനത്തേക്കാൾ ദൃഷ്ടിയുടെ പ്രേരണയെ പലചെറുപ്പക്കാരും മാനിക്കാറുണ്ട്. അങ്ങനെ പങ്കാളിയുടെ ശാരീരികസൗന്ദര്യത്തിലും സമ്പത്തിലും മററിതുപോലെയുള്ള ബാഹ്യഗുണത്തിലും ഭ്രമിച്ച് അപകടത്തിൽ ചെന്നുചാടുന്നവർ ചുരുക്കമല്ല.

എന്നാൽ അനുഭവജ്ഞാനത്താൽ പക്വമതികളും വിവേകശാലികളുമായിത്തീർന്നിട്ടുള്ള മാതാപിതാക്കന്മാർ ബാഹ്യഗുണങ്ങളാൽ ആകൃഷ്ടരാവുക സാധാരണമല്ല. ദമ്പതികളുടെ ഭാവിജീവിതം വിജയപ്രദമാക്കുന്നതിനു അവശ്യാവശ്യമായ ഗുണഗണങ്ങൾ പങ്കാളിയിലുണ്ടോ എന്ന് സസൂക്ഷ്മം പരിശോധിക്കത്തക്ക മനഃസാന്നിദ്ധ്യവും വിവേകബുദ്ധിയും അവർക്കുണ്ടായിരിക്കും; അതുകൊണ്ട് ആ തെരഞ്ഞെടുപ്പ് അനുഗ്രഹപ്രദമാവുകയും ചെയ്യും.

മാതാപിതാക്കന്മാർ തെരഞ്ഞെടുത്തു കൊണ്ടുവരുന്ന പങ്കാളിയെ കണ്ണുമടച്ച് സ്വീകരിച്ചു കൊള്ളണമെന്ന് ഇവിടെ വിവക്ഷയില്ല. അങ്ങനെ ചെയ്യുന്നതു് ചിലപ്പോഴെങ്കിലും ദോഷകരമായിത്തീരുന്നുണ്ടെന്നുള്ളതിനു് അനുഭവങ്ങളുണ്ടല്ലോ. തങ്ങളുടെ പങ്കാളിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ രക്ഷകർത്താക്കൾ നിർദ്ദേശിക്കുന്ന

ആൾക്കണ്ടോ എന്ന് യുവജനങ്ങൾ അന്വേഷിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

**പ്രയോഗത്തിൽ.** പങ്കാളിയെ അന്വേഷിച്ചുകണ്ടുപിടിക്കുന്ന ചുമതല മാതാപിതാക്കന്മാർക്കു വിട്ടുകൊടുക്കുക. അവർ നിർദ്ദേശിക്കുന്ന ആളിനെ നേരിട്ടുകാണുകയും, ആ ആളിന്റെ വിദ്യാഭ്യാസം, ആരോഗ്യം, സ്വഭാവം തുടങ്ങിയ കാര്യങ്ങളെപ്പററി സൂക്ഷ്മമായി അന്വേഷണം നടത്തുകയും ചെയ്തതിനു ശേഷം മാത്രം വിവാഹത്തിനു സമ്മതം നല്കുക.

**ഏററം അടുത്തഒരുക്കം.** പങ്കാളിയെ തെരഞ്ഞെടുത്തതിനുശേഷം വിവാഹത്തിന്റെ ഏററം അടുത്ത ഒരുക്കത്തിലേക്കു യുവജനങ്ങൾ പ്രവേശിക്കുന്നു. സ്വീകരിക്കുന്നവരുടെ ഹൃദയം എത്ര കണ്ടു നിർമ്മലമാകുന്നുവോ, ദൈവവുമായി എത്രമാത്രം ഐക്യപ്പെടുന്നുവോ അത്രയധികം ദൈവാനുഗ്രഹങ്ങളും പ്രസാദവരവും ഈ കൂദാശവഴിയായി ലഭിക്കും. അതുകൊണ്ട് പാപത്തിൽ നിന്നും പാപത്തിന്റെ സാഹചര്യങ്ങളിൽ നിന്നും തഴക്കങ്ങളിൽനിന്നും ഒഴിഞ്ഞുജീവിക്കുവാനും, കുമ്പസാരം വി. കുർബാന എന്നീ കൂദാശകളുടെഅടുക്കലടുക്കലുള്ള സ്വീകരണം, തീക്ഷ്ണമായ പ്രാർത്ഥന, പ്രായശ്ചിത്തപ്രവൃത്തികളുടെ അനുഷ്ഠാനം, ശ്രദ്ധാനിയോഗത്തോടേയുള്ള കർത്തവ്യനിർവഹണം, ദൈവസാന്നിദ്ധ്യസ്മരണയുടെ നവീകരണം തുടങ്ങിയ ഭക്തകൃത്യങ്ങളാൽ ഹൃദയത്തെ

വരപ്രസാദംകൊണ്ടു നിറയ്ക്കുവാനും വിവാഹം സ്വീകരിക്കുവാൻ പോകുന്നവർ ഉത്സാഹിക്കേണ്ടതാണു്. വിവാഹാഘോഷത്തിന്റെ ബഹളത്താലും മററും മനം പതറിക്കാതെ, മനുഷ്യന്റെജീവിതോദ്ദേശ്യം, അന്ത്യങ്ങൾ, വിവാഹ ജീവിതത്തിന്റെ ചുമതലകൾ തുടങ്ങിയകാര്യങ്ങളെപ്പററി കൂടുതൽ പഠിക്കുന്നതിനും ചിന്തിക്കുന്നതിനും ഈ കാലഘട്ടത്തിൽ ഭാവിദമ്പതികൾ ശ്രദ്ധിക്കണം.

വിവാഹം സ്വീകരിക്കുന്നതിനു് ഒരുക്കമായി മൂന്നുദിവസത്തേക്കു് ഒരു ധ്യാനം നടത്തുന്നതും അതിന്റെ ഒടുവിൽ ഒരുമുഴുവൻ കുമ്പസാരം കഴിക്കുന്നതും വളരെ നല്ലതാണു്. വിവാഹദിവസത്തിൽ വി. കുർബാന സ്വീകരിക്കുന്ന കാര്യത്തിൽ ദമ്പതികൾ ഒരിക്കലും ഉപേക്ഷവിചാരിക്കരുതു്. ദിവ്യനാഥൻ ഹൃദയത്തിൽ യഥാർത്ഥമായി സന്നിഹിതനായിരിക്കുമ്പോൾ വിവാഹം സ്വീകരിക്കുന്നതു് അനുഗ്രഹപ്രദമായിരിക്കുമെന്നു് പറയേണ്ടതില്ലല്ലോ.

## അദ്ധ്യായം അഞ്ചു്

### വിവാഹക്രമം

(കൽദായസുറിയാനിറീത്തനുസരിച്ചു്)

(വധൂവരന്മാർ പള്ളിയിലെത്തുമ്പോൾ വിവാഹം ആശീർവ്വദിക്കേണ്ട വൈദികൻ തിരുവസ്ത്ര

ങ്ങൾധരിച്ച് ദൈവാലയത്തിന്റെ പ്രധാന വാതലിനുസമീപം വന്നുനിന്ന് വധൂവരന്മാരെ സാക്ഷിക്കാരുടെ മുമ്പാകെ നിർത്തുന്നു. ആദ്യം വരനോട് ചോദിക്കുന്നു: "(പേരു്) നമ്മുടെ അമ്മയായ കത്തോലിക്കാ തിരുസ്സഭയുടെ നിയമത്തിനും ക്രമത്തിനും ഒത്തവിധം ഇവിടെ നില്ക്കുന്ന (പേരു്) നിന്റെ ഭാര്യയായി സ്വീകരിക്കുവാൻ നിനക്കു മനസ്സാണോ?" മനസ്സാകുന്നുവെന്നു് അയാൾ പറയുമ്പോൾ സ്ത്രീയോടും അതുപോലെ ചോദിച്ച് അവളുടേയും സമ്മതമറിയുന്നു. (ഈ സമ്മതം പറച്ചിൽ വിവാഹത്തിന്റെ കാതലായ ഭാഗമാണു്) ഇരുവരും സമ്മതം പറഞ്ഞുകഴിയുമ്പോൾ അവരുടെ വലത്തു കൈകൾ ഒരുമിച്ചു കൂട്ടിപ്പിടിച്ച് ഊറാലകൊണ്ടു് അവയെ മൂടി വൈദികൻ ചൊല്ലുന്നു: "ബാവായുടേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ, എനിക്കു് നല്കപ്പെട്ടിട്ടുള്ള അധികാരം ഉപയോഗിച്ച് വിവാഹബന്ധത്തിൽ സംയോജിപ്പിച്ചുകൊള്ളുന്നു." അനന്തരം ഹന്നാൻവെള്ളം ആ കൈകളിന്മേൽ തളിച്ചുകൊണ്ടു് "വിശുദ്ധ ജലത്തിന്റെ ഈ സേചനത്താൽ സർവ്വശക്തനായ ദൈവം നിങ്ങൾക്കു് അത്രേ ആശീർവ്വാദവും അനുഗ്രഹവും നിത്യകാലത്തേക്കു് നല്കുമാറാകട്ടെ." എന്നു് വൈദികൻ ആശംസിക്കുന്നു.

പിന്നീടു് താലി വെഞ്ചരിക്കുന്നു. മന്ത്രകോടിയും കൊന്തയും താലിയും ആശീർവ്വദിക്കപ്പെടുന്നതിനായി വൈദികന്റെ പക്കൽകൊണ്ടുവരുന്നു.

പട്ടക്കാരൻ— നമ്മുടെ സഹായം കത്താവി ന്റെ നാമത്തിൽ

സഹായി— അവിടുന്നുതന്നെ സ്വൎഗ്ഗവും ഭൂമി യും സൃഷ്ടിച്ചു.

കത്താവേ ഞങ്ങൾ ✠ ആശീൎവ്വദിക്കുന്നതായ ഈ കുരിശിനെ (താലിയെ) അങ്ങ് ✠ ആശീൎവ്വദിക്കേണമേ. ഇതു ധരിക്കുന്നവൾ തന്റെ ഭത്താവിനു പൂൎണ്ണവിശ്വസ്തതയോടെ വ്യാപരിപ്പാനും നിന്റെ സമാധാനത്തിലും നിന്റെ തിരുവിഷ്ടം അനുസരിച്ചും നിലനിന്നു പരസ്പരസ്നേഹത്തിൽ എല്ലായിപ്പോഴും ജീവിക്കുവാനും ഇടയാക്കേണമെ. ഞങ്ങളുടെ കത്താവീശോമിശിഹായെക്കുറിച്ച് ആമ്മേൻ.

(അനന്തരം ഹന്നാൻ വെള്ളം അവയുടെമേൽ തളിച്ചിട്ട് വെഞ്ചരിച്ച കൊന്ത വൈദികൻതന്നെ വധുവിനെ ധരിപ്പിക്കുന്നു. താലി വരന്റെ കൈയിൽ കൊടുക്കുന്നു. അയാൾ അതു വധുവിന്റെ കഴുത്തിൽകെട്ടുന്നു. മന്ത്രകോടിയും വരൻതന്നെ വധുവിനെ അണിയിക്കുന്നു.

അതിനുശേഷം വധൂവരന്മാർ മുട്ടിന്മേൽ നില്ക്കുന്നു. വൈദികൻ തുടൎന്നു പ്രാൎത്ഥിക്കുന്നു.)

ബാവായുടേയും പുത്രന്റേയും റൂഹാദക്കുദിശായുടേയും നാമത്തിൽ—

പുരോ: കത്താവിന്റെ നാമത്തിലാകുന്നു നമ്മുടെ സഹായം.

സഹാ:— അവിടുന്നുതന്നെ ആകാശവും ഭൂമിയും സൃഷ്ടിച്ചു.

പുരോ:— കർത്താവിൻെറ നാമം വാഴ്ത്തപ്പെട്ടതാകട്ടെ.

സഹാ:— ആദിമുതൽ അനാദിവരെ.

പുരോ:— കർത്താവേ നിൻെറ ദാസരെ രക്ഷിക്കേണമേ.

സഹാ:— ദൈവമേ ഇവർ നിന്നിൽ ശരണപ്പെട്ടിരിക്കുന്നു.

പുരോ:— കർത്താവേ നിൻെറ കരുണ കാണിക്കേണമേ.

സഹാ:— നിൻെറ രക്ഷ ഞങ്ങൾക്ക് നല്കുകയും ചെയ്യേണമെ.

പുരോ:— നിൻെറ വിശുദ്ധസ്ഥലത്തുനിന്നും ഇവരുടെമേൽ നിൻെറ സഹായം ചിന്തേണമേ.

സഹാ:— സെഹിയോനിൽനിന്നു് ഇവരെ സംരക്ഷിക്കേണമേ.

പുരോ:— കർത്താവേ അങ്ങു് എഴുന്നേററു ഇവരെ സഹായിക്കേണമേ.

സഹാ:— അങ്ങേ നാമത്തെപ്രതി ഇവരെ രക്ഷിക്കുകയും ചെയ്യേണമേ.

പുരോ:— ശത്രു ഇവരുടെമേൽ അധികാരിയാകരുതേ.

സഹാ:— നാശത്തിൻെറ പുത്രനു് ഇവരുടെമേൽ ആധിപത്യം ഉണ്ടാകരുതേ.

പുരോ:— കർത്താവേ എന്റെ പ്രാർത്ഥനകേൾക്കേണമേ

സഹാ:— എന്റെ നിലവിളി അങ്ങേ പക്കൽ എത്തുമാറാകട്ടെ.

പുരോ:— കർത്താവു് നിങ്ങളോടുകൂടെ.

സഹാ:— അങ്ങയോടും അങ്ങേ അരൂപിയോടും കൂടി.

പുരോ:— നമുക്കു പ്രാർത്ഥിക്കാം.

പ്രപഞ്ചസൃഷ്ടിയുടെ ആരംഭത്തിൽ സന്താനസമൃദ്ധിക്കായി ആശീർവ്വാദം നല്കിയ ദൈവമേ കരുണാപൂർവ്വം ഞങ്ങളുടെ പ്രാർത്ഥനകേട്ടു് അങ്ങയുടെ ഈ ദാസന്റേയും ദാസിയുടേയുംമേൽ അങ്ങേ ആശീർവ്വാദം ചിന്തേണമേ. അങ്ങനെ അവർ വിവാഹബന്ധത്തിൽ സംയോജിക്കപ്പെട്ടപ്പോൾ മനസ്സിന്റെ ഐക്യത്തിലും വിശുദ്ധിയിലും അവർ പരസ്പരം ഭാഗഭാക്കുകളാകുന്നതിനു് ഇടവരട്ടെ. നമ്മുടെ കർത്താവീശോമിശിഹായെക്കുറിച്ചു് ആമ്മേൻ.

കർത്താവേ ഈ വിവാഹത്തെ കടാക്ഷിച്ചു് തോബിയാസിന്റേയും റഗുവേലിന്റെ പുത്രിയായ സാറായുടേയും പക്കലേക്കു് അങ്ങേ റപ്പായേൽ മാലാഖായെ സമാധാനദൂതനായി അയച്ചതുപോലെ അങ്ങേ ആശീർവ്വാദം ഈ ദമ്പതികളുടെമേൽ പൊഴിച്ചു് അവർ അങ്ങേ തിരുവിഷ്ടത്തിൽ നിലനില്ക്കുന്നതിനും, അങ്ങേ ആശ്വാസത്താൽ ശക്തിപ്പെടുന്നതിനും, അങ്ങേ സ്നേഹത്തിൽ വ്യാപരിക്കുന്നതിനും, ദീർഘാ

യുസ്സുകളായി അനേകവഷം ജീവിക്കുന്നതിനും ഇടയാകട്ടെ.

സർവശക്തനായ പിതാവിന്റേയും പുത്രന്റെയും പരിശുദ്ധാത്മാവിന്റേയും ആശിർവ്വാദം നിങ്ങളുടെമേൽ ഇറങ്ങുകയും സദാകാലം നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുകയും ചെയ്യട്ടെ ആമ്മേൻ

## വിവാഹക്കുർബാനയും വാഴ്‌വും

(കെട്ടുകർമ്മം അവസാനിച്ചതിനു ശേഷം അന്നുതന്നെയോ അല്ലെങ്കിൽ അടുത്ത ഏതെങ്കിലും ഒരു ദിവസമോ വൈദികൻ വിവാഹക്കുബ്ബാന ചൊല്ലി ആ കുബ്ബാനയ്ക്കിടയ്ക്ക് ചില പ്രത്യേക പ്രാത്ഥനകൾ ചൊല്ലി ദമ്പതികൾക്ക് വിവാഹാശീർവാദം നല്കുന്നം. നിവൃത്തിയുണ്ടെങ്കിൽ ദമ്പതികളുടെ ചിലവിൽ വിവാഹക്കുബ്ബാന ചൊല്ലിക്കണം. കുബ്ബാനസമയത്ത് തങ്ങൾ ആരംഭിച്ചിരിക്കുന്ന കുടുംബജീവിതം അതിന്റെ സകലവിധ സുഖദുഃഖങ്ങളോടുംകൂടി ദൈവത്തിനുസമപ്പിക്കുകയും തങ്ങൾക്കിരുവക്കും ദൈവം നല്കുന്ന സന്താനങ്ങൾക്കും വേണ്ടി സകലവിധ അനുഗ്രഹങ്ങളും പ്രാത്ഥിക്കുകയും ചെയ്യണം.)

(കുബ്ബാനയുടെ ഇടയ്ക്കു വിവാഹാശീർവാദത്തിനുള്ള പ്രത്യേകപ്രാത്ഥനതൾ താഴെകൊടുക്കുന്നു.)

### 1. എംഗത്തായ്ക്കുമുമ്പുള്ള പ്രാത്ഥന.

വിവാഹബന്ധത്തെ വളരെ സ്തുത്യഹമായ ഒരു

ക്രൂദാശയാൽ ആശീർവദിക്കുകയും, മിശിഹായും തന്റെ തിരുസഭയും തമ്മിലുള്ള ബന്ധത്തെ വിവാഹത്തിന്റെ ഉടമ്പടിയിൽ മുൻകൂട്ടി സൂചിപ്പിക്കുകയും ചെയ്തദൈവമേ, ഞങ്ങളുടെ പ്രാർത്ഥനയെ ശ്രവിച്ചു്, ബലഹീനരായ ഞങ്ങളുടെ ശുശ്രൂഷമൂലം ചെയ്യപ്പെടുന്നതു് നിന്റെ കൃപയാൽ നന്നായി പൂർത്തിയാക്കപ്പെടുന്നതിനു് അങ്ങേ അനുഗ്രഹസഹായം തന്നരുളേണമേ. ആമ്മേൻ

## വിവാഹക്കുർബാനയുടെ ലേഖനം

## സുവിശേഷം, ആശീർവ്വാദ പ്രാർത്ഥനകൾ.

## ലേഖനം

(വി. പൗലോസു അപ്പസ്തോലൻ എഫേസോസുകാർക്കെഴുതിയ ലേഖനം അദ്ധ്യായം. 5—വാക്യം 22—23)

"സഹോദരന്മാരേ, കർത്താവിനെന്നപോലെ സ്ത്രീകൾ സ്വന്തം ഭർത്താക്കന്മാർക്കു് കീഴ്പ്പെട്ടിരിക്കട്ടെ, എന്തെന്നാൽ മിശിഹാ പള്ളിയുടെ തലവനായിരിക്കുന്നതുപോലെ പുരുഷൻ സ്ത്രീയുടെ തലയാകുന്നു. അവളുടെ ശരീരത്തിന്റെ രക്ഷകനും അവൻ തന്നെ. എന്നാൽ പള്ളി മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെ സ്ത്രീകളും സ്വന്തം ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാരെ! മിശിഹാ പള്ളിയെ സ്നേഹിക്കയും അതിനായി തന്നെത്തന്നെ കയ്യാളിക്കയും ചെയ്തതുപോലെ

നിങ്ങൾ നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ. മിശിഹാ പള്ളിയെ സ്നേഹിച്ചതു് ആയുസ്സിന്റെ വചനത്തിൽ വെള്ളംകൊണ്ടുള്ള ക്ഷാളനത്താൽ അതിനെ മാലിന്യം നീക്കി പരിശുദ്ധമാക്കുവാനത്രെ. അതും കറയൊ മാലിന്യമൊ മററു് ഇതുപോലെയുള്ള വല്ല ദൂഷ്യമോ കൂടാതെ തേജസ്സുള്ള പള്ളിയെ തനിക്കു് പരിശുദ്ധവും നിൎമ്മലവുമായി സ്വയം പ്രദർശിപ്പിക്കുവാൻവേണ്ടി ആയിരുന്നു. ഇങ്ങനെ തന്നെ ഭൎത്താക്കന്മാർ സ്വന്ത ശരീരങ്ങളെ എന്നപോലെ സ്വന്ത ഭാൎയ്യമാരെ സ്നേഹിക്കണം. എന്തെന്നാൽ ആരും സ്വന്തമാംസത്തെ ഒരിക്കലും ദ്വേഷിച്ചിട്ടില്ല, മറിച്ചു് മിശിഹാ പള്ളിയെ എന്നപോലെ അവൻ അതിനെ പോഷിപ്പിക്കയും രക്ഷിക്കയും ചെയ്യുന്നു. എന്നാൽ നാം അയാളുടെ മാംസത്തിൽനിന്നും അയാളുടെ അസ്ഥികളിൽനിന്നും ഉണ്ടായ അയാളുടെ ശരീരത്തിന്റെ അവയവങ്ങളാകുന്നു. ഇതുകൊണ്ടു് പുരുഷൻ സ്വന്ത പിതാവിനേയും മാതാവിനേയും വിട്ടു സ്വന്ത ഭാൎയ്യയോടു യോജിക്കയും രണ്ടുപേരും ഒരു ശരീരത്തിൽ ആയിരിക്കയും ചെയ്യും. ഈ രൂഢാാശ വലിയതാകുന്നു. എന്നാൽ ഞാൻ മിശിഹായിലും പള്ളിയിലും ആണു പറയുന്നതു്, വിശേഷിച്ചു് നിങ്ങളിൽ ഓരോരുത്തരും പ്രത്യേകം തന്നെ എന്നപോലെ സ്വന്ത ഭാൎയ്യമാരേയും സ്നേഹിക്കണം, എന്നാൽ ഭാൎയ്യ സ്വന്തം ഭൎത്താവിനെ ഭയപ്പെടട്ടെ."

## സുവിശേഷം

(വി. മത്തായി അദ്ധ്യായം 19. വാക്യം 3–6)

അക്കാലത്തിൽ പ്രീശന്മാർ അങ്ങേ പക്കൽ അടുത്തു് അങ്ങേ പരീക്ഷിച്ചുകൊണ്ടു് ഏതു കാരണത്തെപ്പററി എങ്കിലും മനുഷ്യനു് തൻെറ ഭാൎയ്യയെ ഉപേക്ഷിക്കാമൊ എന്നു ചോദിച്ചു. അങ്ങുന്നു് ഉത്തരമായി അവരോടു് അരുളിച്ചെയ്തതായതു്: "ആദിയിങ്കൽ മനുഷ്യനെ ഉണ്ടാക്കിയവൻ ആണും പെണ്ണുമായി അവരെ ഉണ്ടാക്കിയെന്നും ഇതു ഹേതുവായി മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു തൻെറ ഭാൎയ്യയോടു ചേൎന്നിരിക്കയും ഇരുവരും ഒരു ജഡമായിത്തീരുകയും ചെയ്യുമെന്നു പറഞ്ഞു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ടു മേലാൽ അവർ രണ്ടാളും ഒരു ജഡമത്രെ. ആകയാൽ ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വേർതിരിക്കരുതു്."

2. (ആകാശങ്ങളിലിരിക്കുന്ന എന്ന ജപത്തിനുശേഷം വൈദികൻ ദമ്പതികളുടെ പക്കലേക്കു തിരിഞ്ഞുനിന്നുകൊണ്ടു് ചൊല്ലുന്ന ജപം)

കൎത്താവേ, മനുഷ്യവംശത്തിൻെറ വൎദ്ധനവിനായിത്തീരത്തക്കവണ്ണം നീ ഏൎപ്പെടുത്തിയിരിക്കുന്ന ഈ സ്ഥാപനത്തിൽ നിൻെറ അധികാരത്താൽ യോജിപ്പിക്കപ്പെട്ടിരിക്കുന്നവർ നിൻെറ സഹായത്താൽ പരിപാലിക്കപ്പെടുവാൻവേണ്ടി ഞങ്ങളുടെ പ്രാൎത്ഥനയെ കരുണാപൂൎവ്വം കേട്ടരുളേണമേ– നിന്നോടും

നിന്റെ പരിശുദ്ധാരൂപിയുടെ ഐക്യത്തിലും നിത്യകാലം ജീവിക്കുകയും ഭരിക്കുകയും ചെയ്യുന്ന നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായെക്കുറിച്ച്, ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കണമേ. ആമ്മേൻ.

## പ്രാർത്ഥിക്ക

ഇല്ലായ്മയിൽനിന്നും സർവ്വവല്ലഭത്വത്താൽ സകലത്തേയും സൃഷ്ടിച്ച സർവ്വേശ്വരാ, ലോകത്തിന്റെ ആദിമൂലങ്ങളെ നിയമിച്ചശേഷം ദൈവച്ഛായയിൽ മനുഷ്യനെയുണ്ടാക്കി പുരുഷന്റെ അസ്ഥിയിൽനിന്നും സ്ത്രീയെ നിർമ്മിച്ച് അവനിൽനിന്നു വേർതിരിക്കപ്പെടാവുന്നതല്ലാത്ത ഒരു സഖിയായി അവളെ അവനു നല്കിക്കൊണ്ട്, ഒരേവസ്തുവിൽനിന്നു സൃഷ്ടിപ്പാൻ നീ തിരുമനസ്സായതിനെ വേർപെടുത്തുന്നത് നീതിക്കു വിരോധമാണെന്നു ഞങ്ങളെ നീ പഠിപ്പിച്ചിരിക്കുന്നുവല്ലോ.

ദൈവമേ, ഈ വിവാഹബന്ധത്തിൽ മിശിഹായും തന്റെ സഭയും തമ്മിലുള്ള പരിശുദ്ധമായ ബന്ധത്തെ മുൻകൂട്ടി സൂചിപ്പിക്കത്തക്കവണ്ണം ഇത്ര മഹത്തായ ഒരു ദിവ്യരഹസ്യത്താൽ സ്ത്രീ പുരുഷബന്ധത്തെ നീ ആശീർവ്വദിച്ചുവല്ലോ. സ്ത്രീയെ പുരുഷനോടുയോജിപ്പിച്ചു ആദ്യമായി സ്ഥാപിതമായ ആ സഖ്യത്തെ ധാരാളമായി അനുഗ്രഹിക്കുകയും ജന്മപാപത്തിന്റെ ശിക്ഷയോ ജലപ്രളയത്തി

ൻെറ വിധിമൂലമോ പിൻവലിക്കപ്പെട്ട അനുഗ്രഹ ങ്ങളുടെ കൂട്ടത്തിൽ ഇതൊന്നിനെ ഉൾപ്പെടുത്താതി രിക്കയും ചെയ്യ സൎവ്വേശ്വരാ, വിവാഹിതയാകുക യും നിൻെറ ആദരവിൻെറ സഹായത്തെ യാചി ക്കുകയും ചെയ്യുന്ന ഈ നിൻെറ അടിയാട്ടിയെ കരു ണയോടേ നീ തൃക്കൺപാൎക്കേണമെ. ഇതു് അവ ൾക്കു സ്നേഹത്തിൻേറയും സമാധാനത്തിൻേറയും ഒരു നുകമായിരിക്കട്ടെ. അവൾ വിശ്വസ്തയും പരി ശുദ്ധയുമായി മിശിഹായിൽ വിവാഹം ചെയ്യപ്പെ ടുകയും വിശുദ്ധ സ്ത്രീകളെ അനുകരിച്ചു് ജീവിക്ക യും ചെയ്യട്ടെ.

ഇവൾ റാഹേലിനെപ്പോലെ തൻെറ ഭൎത്താ വിനെ സന്തോഷിപ്പിക്കട്ടെ. റബേക്കായെപ്പോലെ വിവേകി ആയിരിക്കട്ടെ. സാറായേപ്പോലെ ദീൎഘാ യുസ്സും വിശ്വസ്തതയും ഉള്ളവളായിരിക്കട്ടെ. അവ ളുടെ പ്രവൃത്തികളിൽ തുലോം തുഛമായ പങ്കുപോ ലും പാപത്തിൻെറ കാരണക്കാരനു് (പിശാചി നു്) ഉണ്ടാകാതിരിക്കട്ടെ. വിശ്വാസത്തോടും പ്ര മാണങ്ങളോടും അവർ ദൃഢമായി ബന്ധിക്കപ്പെടട്ടെ. ഏക ഭൎത്താവിനോടു് ബന്ധിതയായ അവൾ അന്യാ യമായ ബന്ധമൊക്കയിൽനിന്നും ഓടിയകലട്ടെ. സ്വന്ത ബലഹീനതയെ അവൾ ക്രമത്താൽ പരിര ക്ഷിക്കട്ടെ നടത്തയിൽ ഗൌരവമുള്ളവളായിരിക്ക ട്ടെ. വിനയത്തിൽ ബഹുമാന്യയായിരിക്കട്ടെ. സ്വൎഗ്ഗീയപഠനങ്ങളിൽ ജ്ഞാനമുള്ളവളായിരിക്കട്ടെ. അവൾക്കു സന്താനസമൃദ്ധി ഉണ്ടാകട്ടെ. അംഗീക

കരണാഘ്ഠയും നിമ്മലയുമായിരിക്കട്ടെ. സ്വഗ്ഗരാജ്യ വും അനുഗ്രഹീതരുടെ വിശ്രമവും അവൾക്കു ലഭി ക്കട്ടെ. അവളും അവളുടെ ഭത്താവും തങ്ങളുടെ മക്കളുടെ മക്കളെ മൂന്നും നാലും തലമുറവരെ കാണു കയും സൗഭാഗ്യകരമായ വാദ്ധക്യത്തിൽ കടന്നു ജീ വിക്കയും ചെയ്യട്ടെ. ഞങ്ങളുടെ കത്താവീശോമി ശിഹായെക്കുറിച്ചു് (ഞങ്ങളുടെ പ്രാത്ഥന നീ കേൾ ക്കേണമെ) ആമ്മേൻ.

---

3. കബ്ബായുടെ അവസാന ആശീവ്വാദത്തിനു മുമ്പു്.

സവ്വവല്ലഭനായ സവ്വേശ്വരാ! നിൻെറ ദിവ്യ പരിപാലനത്തിൻെറ ഈ സ്ഥാപനത്തിന്മേൽ (വി വാഹാന്തസ്സിന്മേൽ) നിൻെറ വരപ്രസാദം ഉണ്ടായി രിക്കട്ടെ. നീ ന്യായമായി ഒന്നിച്ചുചേത്തവരെ നി ത്യമായ സമാധാനത്തിൽ കാത്തുപരിപാലിക്കേണ മെ. ഞങ്ങളുടെ കത്താവായ ഈശോമിശിഹായെ കുറിച്ചു് (ഞങ്ങളുടെ പ്രാത്ഥന നീ കേൾക്കേണമേ) ആമ്മേൻ.

അബ്രാഹത്തിൻേറയും ഇസഹാക്കിൻേറയും യാ ക്കോബിൻേറയും ദൈവം നിങ്ങളോടുകൂടി ഉണ്ടായി രിക്കട്ടെ. നിങ്ങൾ മക്കളുടെ മക്കളെ മൂന്നും നാലും തലമുറവരെ കാണട്ടെ. അനന്തരം എന്നേക്കുമുള്ള നിത്യജീവിതം നിങ്ങൾക്കു ലഭിക്കട്ടെ.

പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ജീവിക്കയും അവസാനമില്ലാതെ ഭരിക്കയും ചെയ്യുന്ന കർത്താവായ ഈശോമിശിഹാതന്നെ നിങ്ങളെ സഹായിക്കട്ടെ. ആമ്മേൻ.

സർവ്വവല്ലഭനായ ബാവായുടേയും പുത്രൻേറയും റൂഹാദക്കുദിശായുടേയും അനുഗ്രഹം നിങ്ങളുടെ മേൽ ഇറങ്ങി നിങ്ങളുടെ ഹൃദയത്തിൽ നിത്യം വസിക്കുമാറാകട്ടെ. ആമ്മേൻ

---

## അദ്ധ്യായം ആറ്

### ജീവിതാന്തസ്സു തെരഞ്ഞെടുപ്പാൻ ജപം.

എൻെറ ദൈവമേ, അങ്ങു ജ്ഞാനത്തിൻേറയും ആലോചനയുടേയും ദൈവമാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങേമാത്രം ഇഷ്ടപ്പെടുത്തുവാനും എൻെറ ജീവിതാന്തസ്സിൻെറ തെരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും അങ്ങേ എത്രയും പരിപാവനമായ ആഗ്രഹങ്ങൾക്കു യോജിക്കുന്ന വിധത്തിൽ എന്നെ ക്രമപ്പെടുത്തുവാനുമുള്ള എൻെറ മനസ്ഥിതി കാണുന്ന അങ്ങ് എൻെറ അമ്മയായ പരിശുദ്ധ കന്യകയുടേയും എൻെറ മദ്ധ്യസ്ഥരായ പരിശുദ്ധരുടേയും പ്രത്യേകം പരിശുദ്ധ യൗസേപ്പു പിതാവിൻേറയും ലൂയീസ് ഗൊൺസാഗാ പുണ്യവാൻേറയും സഹായങ്ങളാൽ ഞാൻ ആചരിക്കേണ്ടും

ജീവിതക്രമം ഏതു അന്തസ്സായി നിർവ്വഹിക്കണമെന്നു അറിഞ്ഞു് അതിനെ പിഞ്ചെല്ലുവാനും തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയിൽ അങ്ങേ സ്തുതിയെ മാത്രം അന്വേഷിച്ചു പ്രവർത്തിക്കയും തൽഫലമായി എൻെറ നിത്യരക്ഷ സുരക്ഷിതമാക്കുകയും ചെയ്യാനും അങ്ങേ ദൈവികമായ മനസ്സിനു് അധീനപ്പെട്ടിരിക്കുന്നവർക്കു് അങ്ങു് പറഞ്ഞൊത്തിരിക്കുന്ന സ്വർഗ്ഗീയസമ്മാനത്തിനു് യോഗ്യനാകുവാനും അങ്ങു എനിക്കു കൃപനല്കേണമേ. ആമ്മേൻ.

## വിവാഹാന്തസ്സിൽ പ്രവേശിക്കാനിരിക്കുന്ന യുവാവിൻെറ പ്രാർത്ഥന

എൻെറ സ്രഷ്ടാവും രക്ഷകനുമാകുന്ന ദൈവമേ, ഞാൻ വിവാഹാന്തസ്സിൽ നിനക്കു ശുശ്രൂഷ ചെയ്യണമെന്നാണല്ലോ എന്നെക്കുറിച്ചുള്ള നിൻെറ നിശ്ചയം. നിൻെറ നിശ്ചയമനുസരിച്ചു് വിവാഹാന്തസ്സിൽ പ്രവേശിക്കാനും വിവാഹമെന്ന കൂദാശ സ്വീകരിക്കാനും ശ്രമിച്ചുവരുന്ന എൻെറമേൽ കൃപയുണ്ടാകേണമെ. ഗുണവതിയായ സഖിയെ ലഭിക്കുന്നതു വലിയ കാര്യമാണു്. കർത്താവേ, നീ തന്നെ ഈ സഖിയെ തെരഞ്ഞെടുത്തു് എനിക്കു കല്പിച്ചുനല്കേണമെ. നിന്നെ ഭയപ്പെടുന്നവരുടെ നല്ല പ്രവൃത്തികൾക്കു പ്രതിഫലമായി നീ കൊടുക്കുന്ന ഒരു അവകാശമാണു് ഉത്തമയായ ഭാര്യ എന്നു ഞാൻ അറിയുന്നു. കർത്താവേ, ഈ അവകാശത്തെ ഞാൻ ലേശ

വും അഹിക്കുന്നില്ലെന്നും എനിക്കറിയാം. ആ അവകാശത്തെ എനിക്ക് ഒരു പ്രത്യേക ദാനമായി നല്കേണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്. എൻെറ ലൗകികവും ആത്മികവുമായ ജീവിതവിജയത്തിന് ഈ ദാനം എനിക്ക അത്യാവശ്യമാണെന്നു നീ കാണുന്നുണ്ടല്ലോ. ആകയാൽ എൻെറ അനഹ്തയെ നോക്കാതെ നിൻെറ കൃപാതിരേകത്താൽ ഇതു സാധിക്കേണമെ. എൻെറ ബുദ്ധിയില്ലായ്മകൊണ്ടും, യൗവ്വനത്തിലെ ദുർഗ്ഗുണങ്ങൾകൊണ്ടും നിൻെറ കൃപക്കു് അയോഗ്യനാകത്തക്കവിധം ഞാൻ ചെയ്തു പോയ തെറ്റുകൾ എന്നോട്ട ക്ഷമിക്കേണമെ. എൻെറ സ്ഥിതി സകലവും അറിയുന്ന നീ തന്നെ എനിക്ക തക്ക ഒരു സഖിയെ തരേണമെ. നീ തിരഞ്ഞെടുത്തുതരുന്ന സഖിയെ സ്വീകരിക്കാൻ വേണ്ട ആത്മീയവെളിച്ചവും മനഃശക്തിയും എനിക്ക തരേണമെ. ഇതിൽ എൻെറ ദുഷ്ടിയുടെ ദുർമ്മോഹങ്ങൾക്കോ മററുള്ളവരുടെ പ്രേരണകൾക്കോ വഴിപ്പെട്ടു പോകാതെയിരിക്കാൻ തക്കവിധം എന്നെ കാത്തുകൊള്ളേണമെ. ഇങ്ങനെ നിൻെറ കരുണാതിരേകത്താൽ ഈ തെരഞ്ഞെടുപ്പ് എൻെറ ലൗകികവും, എന്നാൽ സർവ്വോപരി ആത്മീയവുമായ ഗുണത്തിനും ഉപയുക്തമായിത്തീരട്ടെ. നീ സ്ഥാപിച്ചിരിക്കുന്ന വിവാഹമെന്ന കൂദാശയാൽ ഞങ്ങളുടെ ദാമ്പത്യത്തെ നീ അനുഗ്രഹിക്കേണമെ. ഈ കൂദാശയെ യോഗ്യതയോടുകൂടെ കൈക്കൊണ്ടു്, ഇതിൻെറ കടമകളെ യഥായോഗ്യം നിവ്വഹിച്ചു് പുണ്യമായി ജീവിക്കുന്നതിനു വേണ്ട സഹായം നല്കേണമേ.

പരിശുദ്ധ മറിയമേ എന്റെ അമ്മേ, വി. യൗസേപ്പേ തിരുക്കുടുംബത്തിന്റെനായകാ, ഞാൻ സ്വീകരിക്കുവാൻ പോകുന്ന ജീവിതാവസ്ഥയിൽ ആവശ്യമായ സകല അനുഗ്രഹങ്ങളും എനിക്കു ലഭിച്ചുതരേണമേ. എന്റെ കാവൽ മാലാഖായേ, എന്റെ നാമഹേതുകനായ വിശുദ്ധാ, സ്വർഗ്ഗസ്ഥരായ സകല പുണ്യാത്മാക്കളേ, ഈ അവസരത്തിൽ എന്നെ നിങ്ങൾ പ്രത്യേകം സഹായിക്കേണമേ. ആമ്മേൻ.

---

## വിവാഹജീവിതം സ്വീകരിക്കാനിരിക്കുന്ന യുവതിയുടെ പ്രാർത്ഥന.

എന്റെ സ്രഷ്ടാവും രക്ഷകനുമായ ദൈവമേ, ഞാൻ വിവാഹാന്തസ്സിൽ നിനക്കു ശുശ്രൂഷ ചെയ്യണമെന്നാണല്ലോ എന്നെക്കുറിച്ചുള്ള നിന്റെ ദിവ്യനിശ്ചയം. ഈ നിശ്ചയമനുസരിച്ചു വിവാഹ ജീവിതം സ്വീകരിക്കാനിരിക്കുന്ന എന്റെമേൽ കൃപയായിരിക്കേണമേ. ഈ അന്തസ്സിൽ നീ എനിക്കായി ഒരുക്കിയിരിക്കുന്ന നന്മകളൊക്കയും പ്രാപിപ്പാൻ എന്നെ യോഗ്യയാക്കേണമേ. എന്റെ ബുദ്ധിയുടെ പാകതക്കുറവും കണ്ണുകളുടെ ദുരാശയും ജീവിതത്തിന്റെ നിഗളവും നിന്റെ നന്മയ്ക്കു വിഘ്നം ചെയ്യാതെ നീ കാത്തുകൊള്ളേണമേ.

കർത്താവേ, വിവാഹത്താൽ ഒരു പുരുഷന്റെ സഖിയായിരിക്കാൻ — ഒരു നുകത്തിലെന്നോണം

ഒരു പുരുഷനോടു ബന്ധിക്കപ്പെടാൻ—പോകയാണു ഞാൻ. ആ പുരുഷനെ എന്റെ നാഥനും ശിരസ്സുമായി സ്വീകരിച്ചു് ജീവിക്കേണ്ടതുണ്ടു്. കൎത്താവേ, നിന്റെ ശുശ്രൂഷയിൽ എന്നെ സഹായിക്കുകയും സകലത്തിലും നിന്റെ സ്തുതിയെ അന്വേഷിക്കയും ചെയ്യുന്ന ഒരുവനെ എനിക്കു സഖാവായി നല്കേണമേ. എന്റെ നല്ല പ്രവൃത്തികൾകൊണ്ടാണു് ഇതിനു ഞാൻ അൎഹതയാകേണ്ടതെന്നു് എനിക്കറിയാം. എന്നാൽ എന്റെ ദിവ്യരക്ഷകാ, എന്നിൽ അനേക കുറവുകളും അയോഗ്യതകളും ഉണ്ടെന്നു ഞാൻ അനുസരിച്ചു പറയുന്നു. എങ്കിലും അങ്ങു് എന്റെ പിതാവാണല്ലോ. എന്റെ അനൎഹതയെ നിന്റെ കരുണാതിരേകത്താൽ നീ പരിഹരിക്കേണമേ.

എനിക്കു ഈ ജീവിതാവസ്ഥയെ നിശ്ചയിച്ചുതന്ന നീ തന്നെ എന്റെ വരനേയും തിരഞ്ഞെടുത്തു നല്കേണമെ. എന്റെ ദൃഷ്ടിയും, എന്റെ ആഗ്രഹങ്ങളും എന്നെ വഞ്ചിച്ചേക്കാം. അതുകൊണ്ടു് എന്റെ രക്ഷയ്ക്കും നിന്റെ സ്തുതിക്കും ഉപകരിക്കുന്ന ഒരു വിവാഹകാര്യത്തെ നീ തന്നെ എനിക്കു തെരഞ്ഞെടുത്തു നല്കുകയും, നിന്റെ ആ തെരഞ്ഞെടുപ്പിനെ സ്വീകരിക്കാനുള്ള ആത്മീകവെളിച്ചം നല്കിയരുളുകയും ചെയ്യേണമെ.

പരിശുദ്ധ മറിയമേ, എന്റെ അമ്മേ, നിന്നിൽ ഞാൻ ആശ്രയിക്കുന്നു. എന്റെ ഈ ആവശ്യനേര

ത്തിൽ എന്നെ നീ സഹായിക്കേണമേ. എനിക്കു വേണ്ട അനുഗ്രഹങ്ങളൊക്കയും ലഭിച്ചുതരേണമേ.

വി. യൗസേപ്പുപിതാവേ, കാവൽദൂതാ, മദ്ധ്യസ്ഥരേ, ഈ അവസരത്തിൽ നിങ്ങളും എന്നെ സഹായിക്കേണമേ. ആമ്മേൻ.

ACHARYA ... JEEVASS KENDRAM
LIBR...
5984

# വിഷയവിവരം


പ്രസ്താവന iii

അഭിപ്രായം vii

1-ാം അദ്ധ്യായം — പേജ്

ജീവിതാവസ്ഥയുടെ തെരഞ്ഞെടുപ്പ് 1

2-ാം അദ്ധ്യായം

വിവാഹം – ഒരു വിശദീകരണം 12

3-ാം അദ്ധ്യായം

വിവാഹത്തെപ്പററി വേദപുസ്തക വാക്യങ്ങൾ 34

4-ാം അദ്ധ്യായം

വിവാഹത്തിനുള്ള ഒരുക്കം 43

5-ാം അദ്ധ്യായം

വിവാഹക്രമം 58

6-ാം അദ്ധ്യായം

ജീവിതാന്തസ്സു തെരഞ്ഞെടുപ്പാൻ ജപം 70

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| | | | നസ. |
| 1. | യേശുക്രിസ്തുവിന്റെ അന്തിമദിനങ്ങൾ | | 87 |
| 2. | വി. ഡോമനിക്ക് സാവിയോ | | 25 |
| 3. | വി. ഗീവർഗീസ് | | 00 |
| 4. | കാൽവരിയുടെ നിഴലിൽ | 0 | 50 |
| 5. | സ്ത്രീലോകം | 0 | 50 |
| 6. | ആദർശയുവാവ് | 0 | 50 |
| 7. | തിരുസഭാചരിത്രസംഗ്രഹം | 0 | 75 |
| 8. | തിരുമണിക്കൂർ | 0 | 25 |
| 9. | സക്രാരിക്കുസമീപം ഒരു മണിക്കൂർ | 0 | 18 |
| 10. | മതോപദേശിക ഒന്നാം ഭാഗം | 0 | 12 |
| 11. | ,, രണ്ടാം ഭാഗം | 0 | 25 |
| 12. | ,, മൂന്നാം ഭാഗം | 0 | 50 |
| 13. | മതതത്വപ്രദീപം ഒന്നാം ഭാഗം | 0 | 44 |
| 14. | ,, രണ്ടാം ഭാഗം | 0 | 37 |
| 15. | ,, മൂന്നാം ഭാഗം | 0 | 37 |
| 16. | ക്രിസ്തീയ വേദോപദേശസംക്ഷേപം | 0 | 25 |
| 17. | സുറിയാനി പൂജസഹായമന്ത്രം | 0 | 12 |
| 18. | സൊഡാലിററി ഒപ്പീസ് | 0 | 6 |
| 19. | അമ്മയുടെ സമ്മാനം അഥവാ അത്ഭുതകാശുരൂപം | 0 | 3 |
| 20. | സംസാരിക്കുന്ന ചിത്രങ്ങൾ | 0 | 9 |
| 21. | സാന്ത്വനപ്രകാശം (പ്രാർത്ഥനപ്പുസ്തകം) | | |
| | കാലിക്കോ ... | 1 | 0 |
| | കറപ്പുതുകൽ ... | 2 | 0 |
| | ചുവപ്പു ഓവൽ ... | 2 | 75 |
| | ഗിൽററ് ഓവൽ ... | 3 | 12 |
| | കഷ്യൻ ... | 4 | 00 |
| | സെല്ലുലോയിഡ് ... | 5 | 25 |

സെൻറ് തോമ്മസ് പ്രസ്സ് പാലാ